# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 729** **29.10.2019-ൽ മറുപടിയ്ക്ക്**

### നിലമ്പൂർ സഹകരണ അർബൻ ബാങ്കിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ നിയമം അറുപത്തിയഞ്ചാം വകുപ്പ് പ്രകാരം അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നിലമ്പൂർ സഹകരണ അർബൻ ബാങ്കിനെതിരെ നടപടി സ്വീകരിക്കുവാൻ മലപ്പുറം ജോയിന്റ് രജിസ്ട്രാറോട് വകുപ്പ് തലത്തിൽ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത ബാങ്കിനെതിരെ മലപ്പുറം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) മലപ്പുറം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 19.12.2017 തീയതിയിലെ CRB/2237/16 നമ്പർ ഉത്തരവ് പ്രകാരം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവിട്ടിരുന്നുവെങ്കിലും ടി അന്വേഷണം ഹൈക്കോടതിയുടെ 5025/18-ാം നമ്പർ റിട്ട് പെറ്റീഷനിലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന്റെ മറവിൽ അഴിമതി നടന്നു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിന് സർക്കാർതലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മേൽ ശിക്ഷാ നടപടികൾക്കെതിരെ ഹൈക്കോടതി നൽകിയ സ്റ്റേ നീക്കുന്നതിന് മുമ്പ് സ്വീകരിച്ച നടപടികളും കോടതിയിൽ ഹാജരാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) ഹൈക്കോടതിയിൽ കേസ് ഇപ്പോഴും നിലനിൽക്കുന്നു. 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ നടപടികൾ സ്റ്റേയിലാണ്. എതിർകക്ഷി എന്ന നിലയിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ ഹൈക്കോടതിയിൽ ഹാജരാക്കിയ രേഖകൾ അനുബന്ധം I ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാറെ എതിർ കക്ഷിയാക്കി നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ പകർപ്പും എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പും ലഭ്യമാക്കാമോ? | (സി) നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ പകർപ്പ് അനുബന്ധം-II ആയും ജോയിന്റ് രജിസ്ട്രാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധം-III ആയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

# മലപ്പുറം ജില്ലാ സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ്

(ഹാജർ: ശ്രീ. എം.റ്റി. ദേവസ്യ)

നമ്പർ. സി.ആർ.ബി. 2237/2016      തീയ്യതി: 19.12.2017

വിഷയം : എഫ്.1043-ാം നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് - പ്രവർത്തനത്തിലെ ക്രമക്കേടുകൾ - 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ ഉത്തരവ് സംബന്ധിച്ച്.

പരാമർശം : 1. ശ്രീ.സി.ജി. ഉണ്ണിയുടെ 22.02.2016 തിയ്യതിയിലെയും എരഞ്ഞിക്കൽ ഇസ്മായിലിന്റെ 25.08.2016 തിയ്യതിയിലേയും പരാതികൾ.
2. നിലമ്പൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ 560/16 എൻ നമ്പറിലെ 04.06.2016 , 04.05.2017 എന്നീ തിയ്യതികളിലെ റിപ്പോർട്ടുകൾ.
3. ബാങ്ക് ഭരണസമിതിയുടെ 21.08.2017 തിയ്യതിയിലെ 290-ാം നമ്പർ തീരുമാനം.

നിലമ്പൂർ സഹകരണ അർബ്ബൻ ബാങ്കിന്റെ പഴയ കെട്ടിടത്തിന്മേലുള്ള നവീകരണ പ്രവർത്തനങ്ങളുടെ മറവിൽ കോടികളുടെ ക്രമക്കേടുകൾ നടക്കുന്നതായും ലോക പ്രശസ്തമായ നിലമ്പൂർ തേക്കിൽ നിർമ്മിച്ച ബാങ്കിലെ ലക്ഷകണക്കിന് രൂപയുടെ ഫർണീച്ചറുകളും മറ്റും കടത്തി കൊണ്ടുപോയതായും ബാങ്കിന്റെ ഫണ്ടിൽ നിന്നും അനുമതി ഇല്ലാതെ 22 ലക്ഷം രൂപ ചെലവഴിച്ച് ഇന്നോവ കാർ വാങ്ങുകയും ബാങ്കിൽ ഡ്രൈവർമാർ ഉണ്ടായിരിക്കേ പേഴ്സണൽ ഡ്രൈവറെ നിയമിച്ച്, പേഴ്സണൽ ആവശ്യങ്ങൾക്കായി ചെയർമാൻ പ്രസ്തുത വാഹനം ഉപയോഗിച്ചുവരുന്നതായും ബാങ്കിൽ ഇല്ലാത്ത ലോൺ ക്യാൻവാസ് കോ-ഓർഡിനേറ്റർ എന്ന പ്രത്യേക തസ്തിക സൃഷ്ടിച്ച് വിദ്യാർത്ഥി യൂണിയൻ ജില്ലാ നേതാവിനെ നിയമിച്ചതായും ഇപ്രകാരം സർക്കാരിനേയും ജനങ്ങളേയും പറ്റിച്ച് കെട്ടിട നവീകരണം മറയാക്കി കോടികളുടെ പൊതുമുതൽ അനധികൃതമായി സ്വന്തമാക്കിയ ബാങ്ക് ചെയർമാനെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ഈ ഓഫീസിൽ സമർപ്പിക്കപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു..

നിലമ്പൂർ സഹകരണ അർബ്ബൻ ബാങ്കിന്റെ നിലമ്പൂർ ടൗണിലുള്ള നിലവിലുള്ള ഇരുനില കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ഭരണസമിതി തീരുമാനിക്കുകയും ആയതിന് 5.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്ക് ബാങ്കിന്റെ പൊതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാരിൽ നിന്നും അനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ (അനുമതി ലഭിച്ചത് 22.02.2016 തിയ്യതിക്ക്) നിർമ്മാണ പ്രവർത്തികൾ ബാങ്ക് ആരംഭിച്ചതായും ആറുകോടിയിൽ പരം രൂപ എസ്റ്റിമേറ്റ് കാണിക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ പരസ്യം ഒരു മലയാള ദിന പത്രത്തിൽ മാത്രം പരസ്യം നടത്തിയിട്ടുള്ളതായും, കെട്ടിട നവീകരണത്തിന്റെ ഭാഗമായി പൊളിച്ച് ഒഴിവാക്കുന്ന കെട്ടിട ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന മര ഉരുപ്പടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തികൊണ്ടുപോയതായും, ബാങ്കിൽ നിലവിലുള്ള ബൊലേറോ ജീപ്പിന് പുറമേ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിൽ നിന്നും അനുമതി വാങ്ങാതെ 1551984 രൂപ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങിയിട്ടുള്ളതായും ബാങ്കിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ സ്വകാര്യ ആവശ്യങ്ങൾക്ക് ബാങ്ക് ചെയർമാൻ പ്രസ്തുത കാർ

ഉപയോഗിച്ചിട്ടുള്ളതായും ബാങ്കിൽ രണ്ട് ഡ്രൈവർ ഉണ്ടായിരിക്കെ ഇന്നോവ കാറിലേക്ക് ബാ ചെയർമാൻ പേഴ്സണൽ ഡ്രൈവറെ നിയമിച്ചതായും, ബാങ്കിൽ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്ത ബിസിനസ് എക്സിക്യൂട്ടീവ് തസ്തികയിൽ 10000/- രൂപ മൊത്തശമ്പളത്തിൽ, അനീഷ് ടി എന്നയാളെ നിയമിച്ചതായും ടി നിയമനം വഴി ബാങ്കിന് ശമ്പള നഷ്ടമല്ലാതെ യാതൊരു ബിസിനസ് പുരോഗതിയും ഉണ്ടായിട്ടില്ലെന്നും നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയും ഈ വിഷയത്തിൽ വിശദ പരിശോധന ആവശ്യമാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ടി പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയിൽ നിന്നും വിശദീകരണം തേടുകയും പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രസ്തുത വിശദീകരണം തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 18.12.2017 ന് ബാങ്കിൽ ടി വിഷയങ്ങളിൽ നേരിട്ട് പരിശോധന നടത്തി.

6.2 കോടി രൂപ ചെലവഴിച്ച് നടത്തുന്ന കെട്ടിട നവീകരണ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം ഒരു പ്രാദേശിക ഭാഷാ പത്രത്തിൽ മാത്രം പരസ്യം ചെയ്തിട്ടുള്ളതായും കേരള സഹകരണ സംഘം നിയമം ചട്ടം 54, 180 ഇവയ്ക്ക് വിരുദ്ധമായി പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കും മുമ്പ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും ഇതിനകം 5.43 കോടി രൂപ ചെലവഴിച്ചതായും എന്നാൽ രണ്ട് വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും, കെട്ടിട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും നടന്ന ക്രമക്കേടുകൾ പൂർണമായും കണ്ടെത്തുന്നതിന് വിശദമായ അന്വേഷണം ആവശ്യമാണെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബാങ്ക് കെട്ടിട നവീകരണത്തിന്റെ ഭാഗമായി പൊളിച്ച് ഒഴിവാക്കിയ ഏതാനും മര ഉരുപ്പടികൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലും പൊളിച്ച് ഒഴിവാക്കിയ എല്ലാ മരഉരുപ്പടികളുടെയും ഫർണീച്ചറുകളുടെയും സ്റ്റോക്കിൽ നടന്ന ക്രമക്കേട് കണ്ടെത്തി ഉറപ്പ് വരുത്തുന്നതിനും വിശദമായ അന്വേഷണം ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജോയിന്റ് രജിസ്ട്രാറുടെ ഭരണാനുമതി ഇല്ലാതെ ബാങ്ക് പൊതുഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങിയതിലും ഡ്രൈവർ നിയമനം, ബിസിനസ് എക്സിക്യൂട്ടീവ് തസ്തികയിൽ നടന്ന നിയമനം എന്നിവയിൽ നടന്ന ക്രമക്കേടുകളും, ഇവമൂലം ബാങ്കിന് സംഭവിച്ച നഷ്ടം കണ്ടെത്തുന്നതിനും വിശദ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബാങ്കിലെ ഇടപാടുകാരുടെയും അംഗങ്ങളുടെയും ബാങ്കിന്റെയും ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് മേൽ ക്രമക്കേടുകളെ സംബന്ധിച്ച് ഒരു വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

എഫ്.1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ ബിൽഡിംഗ് നവീകരണ പ്രവൃത്തിയുടെ മറവിൽ നടന്ന അഴിമതി, ബാങ്കിന്റെ പ്രവർത്തനത്തിലെ ഇതര ക്രമക്കേടുകൾ ഇവ സംബന്ധിച്ച് 1969 ലെ കേരളാ സഹകരണ സംഘം നിയമം വകുപ്പ് 65(1)(എ) പ്രകാരം വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണം സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.:

| | | |
|---|---|---|
| 1. | അന്വേഷണം നടത്തേണ്ട ബാങ്കിന്റെ പേര്, മേൽ വിലാസം | നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043, നിലമ്പൂർ -679329. |
| 2. | അന്വേഷണം നടത്തുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര് | കെ. മുഹമ്മദലി,അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂർ |
| 3. | അന്വേഷണ കാലാവധി | ഉത്തരവ് തിയ്യതി മുതൽ 3 മാസം |
| 4. | അന്വേഷണ വിധേയമാകേണ്ട വിഷയങ്ങൾ | എ) കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ<br>ബി) ബാങ്കിന്റെ പഴയ കെട്ടിടം പൊളിച്ചതിലും ആയതിന്റെ മര ഉരുപ്പടികൾകൈകാര്യം ചെയ്തതിലും ഫർണീച്ചറുകളുടെ സ്റ്റോക്കിലെ കുറവും/ക്രമക്കേടുകളും.<br>സി) ഇന്നോവ കാർ വാങ്ങിയതും ആയതിന്റെ ഉപയോഗത്തിലും നടന്ന ക്രമക്കേടുകൾ.<br>ഡി) താത്കാലിക ഡ്രൈവർ, ബിസിനസ്സ് എക്സിക്യൂട്ടീവ് എന്നീ നിയമനങ്ങളിലെ ക്രമക്കേടുകൾ.<br>ഇ) അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെടുന്ന ഇതര ക്രമക്കേടുകൾ. |
| 5. | അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ട തിയ്യതി | 19.03.2018 |
| 6. | അന്വേഷണവുമായി ബന്ധപ്പെട്ട ചെലവുകൾ | ബാങ്ക് വഹിക്കണം |

മേൽ അന്വേഷണം നിശ്ചിത സമയ പരിധിക്കകം നിർബന്ധമായും പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

ശ്രീ. കെ. മുഹമ്മദാലി/അന്വേഷണ ഉദ്യോഗസ്ഥൻ
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ഓഫീസ്, നിലമ്പൂർ.

പകർപ്പ് :

1. ചെയർമാൻ/ജനറൽമാനേജർ
   നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043
   നിലമ്പൂർ 679329, മലപ്പുറം.(രജിസ്ട്രേഡ് തപാൽ മടക്ക രശീതി സഹിതം)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജ) നിലമ്പൂർ.
3. സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
4. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം.
5. സർക്കിൾ സഹകരണ യൂണിയൻ, മഞ്ചേരി.
6. സ്റ്റോക്ക് ഫയൽ.
7. അധികം.

DESPATCHED 1/1/18

2237

4204/..../2016/M(Home & Vig)

Minister(Co-op,K & VI)
May kindly see.

2/3/16

24/3/16 CRB

C.G.UNNI
Choorakkattil House
Akambadam, Eranhimangad P.O.
Nilambur Via.
Malappuram Dist.- 679 329
Mob: 9526984444, 9497447781

No. 1928 /2016/M(Co-op)

To,

ബഹു. ആഭ്യന്തര മന്ത്രി
ഗവ: സെക്രട്ടറിയേറ്റ് - കേരള
തിരുവനന്തപുരം

Respected Sir,

വിഷയം : സഹകരണ സ്ഥാപനം നവീകരണത്തിന്റെ മറവിൽ അഞ്ചുകോടിയോളം രൂപ അഴിമതി നടത്തിയതു സംബന്ധിച്ച്.

സൂചന : നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് ഹെഡ്ഓഫീസ് കെട്ടിട നവീകരണത്തിനായി 6 കോടി 85 ലക്ഷം രൂപ ചെലവഴിച്ചതിലെ ക്രമക്കേടുകളും അഴിമതിയും അന്വേഷണം ആവശ്യപ്പെടുന്ന ഹർജി.

സി. എൻ. ബാലകൃഷ്ണൻ
സഹകരണ-ഖാദി
ഗ്രാമവ്യവസായ വകുപ്പുമന്ത്രി

1939-ാം ആണ്ടിൽ നിലമ്പൂർ കോവിലകത്തെ മാനവേദൻ തിരുമുൽപ്പാട് 5 മെമ്പർമാരുമായി 500 രൂപ മൂലധനംകൊണ്ട് പ്രവർത്തനമാരംഭിച്ച നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് ഇന്ന് 29,719 മെമ്പർമാരും 685 കോടി ആസ്തിയും മെയിൻ ബ്രാഞ്ച് അടക്കം 23 ബ്രാഞ്ചുകളുമായി പ്രവർത്തിച്ചുവരികയാണ്.

2013ൽ ശ്രീമാൻ ആര്യാടൻ ഷൗക്കത്ത് ഈ സഹകരണ ബാങ്കിന്റെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. ബാങ്കിന്റെ മൊത്തം ആസ്തിയായ 685 കോടി രൂപയുടെ ഒരു ശതമാനം നവീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമെന്ന് ചട്ടം നിലവിലുണ്ട്. ഈ ചട്ടം മറയാക്കി 6 കോടി 85 ലക്ഷം രൂപക്ക് നിലമ്പൂർ ടൗണിലുള്ള ഹെഡ് ഓഫീസ് കെട്ടിട നവീകരണത്തിനായി മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് അംഗീകാരത്തിനായി അപേക്ഷ നല്കി എങ്കിലും ഇത്രയും ഭീമമായ തുക ഭൂമി വാങ്ങാനോ പുതിയ കെട്ടിടം നിർമ്മിക്കാനോ അല്ലാ

Cont...2

ത്തതുകൊണ്ടും കേവലം നിലവിലുള്ള കോൺക്രീറ്റ് ഫില്ലറുകൾ നിലനിർത്തി നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടത് ആവശ്യമില്ല എന്ന നിഗമനത്തിൽ അംഗീകാരം നല്കിയില്ല. എന്നാൽ ചെയർമാൻ തന്റെ പിതാവായ മന്ത്രിയുടെ സ്വാധീനത്തിൽ സംസ്ഥാന രജിസ്ട്രാറെകൊണ്ട് അംഗീകാരം നേടി യെടുക്കുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഇ-ടെണ്ടർ വ്യവസ്ഥ ലംഘിച്ച് 4 പേരിൽ നിന്നായി ക്വട്ടേഷൻ സ്വീകരിച്ച് മേൽപറഞ്ഞ തുക കൃത്യമായി രേഖപ്പെടുത്തുന്ന രീതിയിൽ രേഖകൾ സൃഷ്ടിച്ചുണ്ടാക്കി പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ നിലവിൽ ബാങ്ക് കെട്ടിടത്തിലുണ്ടായിരുന്ന ലോക പ്രശസ്തമായ നിലമ്പൂർ തേക്കിൽ നിർമ്മിച്ച ഫർണിച്ചറുകളും മറ്റും കടത്തിക്കൊണ്ടുപോവുന്നത് ശ്രദ്ധയിൽപ്പെട്ട ബാങ്ക് ജീവനക്കാർ തടസ്സപ്പെടുത്തുകയും ആ സമയം കരാറുകാരൻ കൈവശമുള്ള രേഖയിൽ കരാർ വ്യവസ്ഥപ്രകാരം നവീകരണ വേളയിൽ എടുക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലക്ഷങ്ങളുടെ ഫർണിച്ചറുകൾ കടത്തിക്കൊണ്ടുപോയി. എന്നാൽ ജീവനക്കാർ പറയുന്നു ഇതിൽ വ്യക്തമായ ചട്ടലംഘനമുണ്ട്. ലേലം ചെയ്യാതെ പഴയ സാധനങ്ങൾ വിൽക്കാൻ പാടില്ലാത്തതാണ് എന്ന് ചൂണ്ടിക്കാണിക്കുന്നു.

6 കോടി 85 ലക്ഷം രൂപ ചെലവഴിച്ചതായി രേഖയുണ്ടാക്കി കേവലം ഒരു കോടി പോലും നവീകരണത്തിനായി ചെലവഴിക്കാതെ സർക്കാറിനെയും ജനങ്ങളെയും പറ്റിച്ചിരിക്കുകയാണ്. പ്രഥമദൃഷ്ടിയാൽ തന്നെ ആർക്കും ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ബന്ധപ്പെട്ടവരുടെ രാഷ്ട്രീയ സാമ്പത്തിക സ്വാധീനം ഉപയോഗിച്ച് അപായപ്പെടുത്തുമോ എന്ന ഭയംകൊണ്ടാണ് ആരും പരാതിയുമായി ഇവർക്കെതിരെ രംഗത്തുവരാത്തത്. കുറഞ്ഞത് 5 കോടി രൂപയെങ്കിലും കെട്ടിടനവീകരണം മറയാക്കി ഷൗക്കത്തും സംഘവും തട്ടിയെടുത്തിട്ടുണ്ട്.

നിലമ്പൂർ മുനിസിപ്പൽ ചെയർമാൻ സ്ഥാനം 5½ മാസങ്ങൾക്കുമുമ്പ് ഒഴിവായതിനെതുടർന്ന് ബാങ്ക് ചെയർമാന്റെ സ്വാധീനമുപയോഗിച്ച് 22 ലക്ഷം രൂപ ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങുകയും പേഴ്സണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിക്കുകയും ചെയ്തതും ധൂർത്താണെന്ന് ആരോപണം ഉണ്ട്. ബാങ്കിന്റെ ആവശ്യങ്ങൾക്കായി ഒരു ബൊലേറൊ കാറും സ്ഥിരം ഡ്രൈവറും ബാങ്കിന് നിലവിലുണ്ട്. അതോടൊപ്പം അനീഷ് കരുളായി എന്ന പേരിലറിയപ്പെടുന്ന വിദ്യാർത്ഥി യുണിയൻ ജില്ലാ നേതാവിന് ലോൺ കാൻവാസ്

Cont...3

കോഡിനേറ്റർ എന്ന സ്പെഷ്യൽ തസ്തിക ഉണ്ടാക്കി 15,000 രൂപ പ്രതിമാസ ശമ്പളവും കമ്മീഷനും നല്കി നിയമിച്ചിരിക്കുകയാണ്. ന്യു ജനറേഷൻ ബാങ്കുകളെ പോലെ പ്രാഥമിക സഹകരണ സംഘങ്ങൾ ഇത്തരം നിയമനങ്ങൾ നടത്താറില്ല. ഇതും അഴിമതി നടത്തുന്നതിന് ഇഷ്ടക്കാരെ വാഴിച്ചിരിക്കുകയാണ്. 5½ മാസത്തെ ഉപയോഗം കൊണ്ട് പുതിയ കാറിന്റെ ടയറുകൾ മാറ്റി വാങ്ങിയ വകയിൽ 49,000രൂപ ബില്ലെഴുതി ചെയർമാൻ കരസ്ഥമാക്കിയിട്ടുണ്ട്. ബാങ്ക് ആവശ്യങ്ങൾക്കൊന്നുംതന്നെ പ്രസ്തുത വാഹനം ഉപയോഗിക്കുന്നില്ലെന്നും ചെയർമാന്റെ സ്വകാര്യാ ആവശ്യങ്ങൾക്ക് രാഷ്ട്രീയ സേവനത്തിനും മാത്രമാണ് നാളിതുവരെ ഓടിയതെന്നും ആക്ഷേപമുയർന്നിട്ടുണ്ട്.

പൊതുപ്രവർത്തകനായ ഞാനും കുടുംബവും പ്രസ്തുത ബാങ്കിൽ അംഗങ്ങളാണ്. ഭരണസമിതിയുടെ നിലപാടിൽ പരാതിയും സങ്കടവുമുണ്ട്.

സർക്കാറിനെയും ജനങ്ങളെയും പറ്റിച്ച് നവീകരണം മറയാക്കി കോടികളുടെ പൊതുമുതൽ അനധികൃമായി സ്വന്തമാക്കിയ ചെയർമാനും സംഘത്തിനുമെതിരെ അന്വേഷണം നടത്തി മേൽ നടപടികൾ കൈക്കൊള്ളണമെന്ന് ഇതിനാൽ അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം

(സി.ജി.ഉണ്ണി)

നിലമ്പൂർ
22.02.2016

## പരിശോധനാ റിപ്പോർട്ട്.

| | | |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | : | എം.റ്റി. ദേവസ്യ<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം. |
| തിയ്യതി | : | 18.12.2017. |
| സഹകരണ സ്ഥാപനത്തിന്റെ പേര് | : | നിലമ്പൂർ സഹകരണ അർബൺ ബാങ്ക്<br>ക്ലിപ്തം നമ്പർ എഫ്. 1043. |

എഫ്. 1043–ാം നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ ആരോപിച്ച് ബാങ്ക് മെമ്പർ ശ്രീ. സി.ജി. ഉണ്ണി താഴെ പറയുന്ന ആരോപണങ്ങൾ ഉന്നയിച്ചു.

1) നിലമ്പൂർ സഹകരണ അർബൺ ബാങ്കിന്റെ ഉടമസ്ഥതയിൽ നിലവിലുള്ള ഹെഡ്ഡ് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികളുടെ മറവിൽ കോടികളുടെ അഴിമതി ചെയർമാൻ നടത്തുന്നു.
2) ബാങ്കിൽ ബൊലേറോ ജീപ്പ് ഉണ്ടായിരിക്കെ 22 ലക്ഷം രൂപ ചെലവഴിച്ച് ഇന്നോവ കാർ വാങ്ങി, സ്വകാര്യ ഡ്രൈവറെ നിയമിച്ച് സ്വകാര്യ രാഷ്ട്രീയ ആവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുന്നു.
3) ജില്ലാ നേതാവിനു വേണ്ടി ലോൺ ക്യാൻവാസ് കോഡിനേറ്റർ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി 15000/– രൂപ പ്രതിമാസം നൽകുന്നു.
4) ഇന്നോവ കാറിന്റെ അഞ്ചര മാസത്തെ അമിത ഉപയോഗം , ഇന്നോവ കാറിന്റെ 4 ടയറുകളും മാറ്റി.

മേൽ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിലമ്പൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർക്ക് നൽകുകയും ആയതിൻമേൽ നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ പ്രാഥമിക പരിശോധന നടത്തി 04.06.2016 ന് പ്രാഥമിക റിപ്പോർട്ടും തുടർന്ന് 04.06.2016, 04.05.2017 എന്നീ തിയ്യതികളിലായി അസിസ്റ്റന്റ് രജിസ്ട്രാർ സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിൻമേൽ ബാങ്ക് ഭരണ സമിതിയിൽ നിന്നും വിശദീകരണം തേടുകയും ആയതിൻ പ്രകാരം 21.08.2017 തിയ്യതിയിലെ 290–ാം നമ്പർ ബാങ്ക് ഭരണ സമിതി സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ സഹകരണ അർബൺ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നവീകരണ പ്രവർത്തനവും ബന്ധപ്പെട്ട രേഖകളും 18.12.2016 ന് രാവിലെ നേരിൽ പരിശോധിക്കുകയും ചെയ്തു.

<u>കെട്ടിട നവീകരണ പ്രവൃത്തികൾ.</u>

ബാങ്കിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ ടൗണിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന രണ്ടു നില ബാങ്ക് ഹെഡ് ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ഭരണ സമിതി തീരുമാനിച്ചതിന്റെ ഭാഗമായി BIRD & TSWC എന്ന സ്ഥാപനം തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും ഭരണ സമിതി അംഗീകരിച്ച് തുടർന്ന് 17.10.2014 തിയ്യതിയിലെ മലയാള മനോരമ ദിന പത്രത്തിൽ കരാറുകാരിൽ നിന്നും ടി നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് പ്രീ ക്വാളിഫിക്കേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തി. പ്രീ ക്വാളിഫൈ ചെയ്ത കരാറുകാരിൽ നിന്നും മൂന്നു ടെണ്ടറുകൾ ലഭിച്ചു.

പി. അഹമ്മത് കുട്ടി ക്വാട്ട് ചെയ്ത തുക 6.65 കോടി

സി.ഐ. കൺസ്ട്രക്ഷൻ എറണാകുളം – 6.96 കോടി

ഫോറം കോൺട്രക്ഷൻ കോഴിക്കോട് – 7.6 കോടി

ടി കരാറുകാരുമായി 09.01.2015 ന് നെഗോസിയേഷൻ നടത്തി, ഏറ്റവും കുറഞ്ഞ തുക നെഗോസിയേഷനിൽ സമ്മതിച്ച സി.ഐ. കൺസ്ട്രക്ഷൻ ബ്രഹ്മപുരം എറണാകുളം എന്ന സ്ഥാപനത്തിന് 6.2 കോടി രൂപയ്ക്ക് നിർമ്മാണ പ്രവൃത്തികളുടെ കരാർ ഉറപ്പിച്ചു. 19.01.2015 ന് ഇതു സംബന്ധിച്ച നിർമ്മാണ കരാർ ബാങ്കും സി.എ കൺട്രക്ഷൻ എന്ന സ്ഥാപനവുമായി ഏർപ്പെട്ടു. ബാങ്ക് ഭരണ സമിതി 13.01.2015 തിയ്യതിയിലെ 592 (ഡി) നമ്പർ തീരുമാന പ്രകാരമാണ് ടി നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് 6.2 കോടി വിനിയോഗിക്കുന്നതിന് അനുമതിക്കായി ബാങ്ക് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്.

<u>ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ</u>

1. കെട്ടിട നവീകരണ എസ്റ്റിമേറ്റ് തുക 6.2 കോടി രൂപയാണ്. ഇത്രയും വലിയ തുക ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾ നടത്തുമ്പോൾ ആയതിന്റെ ആരോഗ്യകരമായ നെഗോസിയേഷന്, വ്യാപകമായ പരസ്യം, ഇ- ടെണ്ടർ അടക്കം ബാങ്ക് നൽകേണ്ടിയിരുന്നു. അതു നൽകുകയുണ്ടായില്ല. മലയാള മനോരമ ദിനപത്രത്തിൽ മാത്രമാണ് കരാറുകാരിൽ നിന്നുമുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളത്.
2. സി.ഐ കൺസ്ട്രക്ഷൻ ടി നിർമ്മാണ പ്രവൃത്തിയുമായി ടെണ്ടർ സമർപ്പിച്ചിരുന്നത് 6.96 കോടി രൂപയുടെതായിരുന്നു. തുടർന്ന് നെഗോസിയേഷനിൽ 76 ലക്ഷം രൂപ കുറച്ച് 6.20

കോടിക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. ഇത്രയും തുക കുറവ് ചെയ്തത്, ബാങ്കിന്റെ കെട്ടിട നവീകരണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും സി.ഐ. കൺസ്ട്രക്ഷൻ തയ്യാറാക്കി ക്വാട്ട് ചെയ്ത ടെണ്ടർ തുകയുടെയും നിജസ്ഥിതി, ചോദ്യം ചെയ്യുന്നു. ആയത് സംബന്ധിച്ച് കൂടുതൽ സാങ്കേതിക വിദഗ്ധന്റെ പരിശോധന ആവശ്യമാണ്.

3. 1969 ലെ കേരള സഹകരണ സംഘം നിയമം ചട്ടം 54 പ്രകാരം ബാങ്കിന്റെ ഫണ്ട് കെട്ടിട നവീകരണ പ്രവൃത്തനത്തിന് വിനിയോഗിക്കുന്നതിന് മുമ്പ് രജിസ്ട്രാറുടെ രേഖാമൂലമുള്ള അനുമതി വാങ്ങണം. എന്നാൽ ജോയിന്റ് രജിസ്ട്രാറിൽ നിന്നും അനുമതി ലഭിക്കുന്നത് 02.02.2016 തിയ്യതിക്കാണ്. ടി തിയ്യതിക്കു മുമ്പുതന്നെ ബാങ്ക് ടി നിർമ്മാണ പ്രവൃത്തിക്ക് 2.49 കോടി രൂപ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ചു. ഇത് കേരള സഹകരണ സംഘം നിയമം റൂൾ 54 ന്റെ ചട്ട ലംഘനമാണ്.

4. 19.01.2015 ന് ബാങ്കും, കരാർ എടുത്ത സി.എ. കൺസ്ട്രക്ഷനുമായുണ്ടാക്കിയ കരാർ അനുസരിച്ച് 05.02.2015 ന് ആരംഭിച്ച നവീകരണ പ്രവൃത്തി 31.01.2017 നകം പൂർത്തീകരിക്കണം. പരിശോധന നടക്കുന്ന 18.12.2017 ന് പണി ഏതാണ്ട് 80 % മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. എന്നാൽ നിർമ്മാണ കരാർ തുകയായി 6.2 കോടി രൂപയിൽ 5.5 കോടി രൂപയും ടി തിയ്യതിക്ക് കരാറുകാർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.

5. നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ഗുണമേന്മ, ഇവയുടെ സാങ്കേതിക മികവ് ഇവ പ്രഥമ ദൃഷ്ട്യ ബോധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് കെട്ടിട നിർമ്മാണ രംഗത്തെ ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം ഉപയോഗിച്ചുള്ള പരിശോധന ആവശ്യമാണെന്ന് കാണുന്നു.

ടി കെട്ടിട നവീകരണ പ്രവൃത്തനങ്ങളിലെ മേൽ ക്രമക്കേടുകൾ വിശദ പരിശോധനയിൽ കൂടി മാത്രമേ കണ്ടെത്തുന്നതിന് സാധിക്കൂ.

<u>ബാങ്കിന്റെ പഴയ കെട്ടിടത്തിലെ മര ഉരുപ്പടികൾ</u>

കെട്ടിട നവീകരണ ഭാഗമായി, കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചു. പൊളിച്ച കെട്ടിട ഭാഗത്തെ മര ഉരുപ്പടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തി കൊണ്ടു പോയതായി യൂണിറ്റ് ഇൻസ്പെക്ടറുടെ 04.06.2016 തിയ്യതിയിലെ പരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കട്ടിളകൾ, ജനലുകൾ അടക്കം ഏതാനും മര ഉരുപ്പടികൾ പരിശോധനാ സമയം കണ്ടിട്ടുണ്ട്. അവ പൊളിച്ച കെട്ടിടത്തിന്റെ ഉരുപ്പടികളാണോ എന്നോ പൊളിച്ചെടുത്ത മുഴുവൻ ഉരുപ്പടികളും

ഉണ്ടോ എന്നും വിശദമായ പരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതുണ്ട്. കേരള സഹകരണസംഘം നിയമം വകുപ്പ് 54(2) പ്രകാരം സ്ഥാവര ആസ്തികൾ സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്തുന്നതിനോ ഒഴിവാക്കാതോ സാധ്യമല്ല.

## ഇന്നോവ കാറിന്റെ വാങ്ങലും ഉപയോഗവും

സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 -ാം നമ്പർ സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. ടി വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് ഉപനിബന്ധന അംഗീകരിച്ചു വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബാങ്ക് 29.06.2015 ന് 1551984/- രൂപ ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങി. ടി വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ മുൻ അനുമതി നേടിയിരുന്നില്ല, വിനിയോഗം സംബന്ധിച്ച ഉപനിബന്ധനയും അംഗീകരിച്ചു വാങ്ങിയിട്ടില്ല.

വാഹനത്തിന്റെ ഉപയോഗം വ്യക്തമാക്കുന്ന ലോഗ് ബുക്ക് പരിശോധിച്ചതിൽ ബാങ്ക് ചെയർമാനാണ് ടി വാഹനം കൂടുതൽ ഉപയോഗിച്ചിട്ടുള്ളത് എന്ന് കാണുന്നു. ചെയർമാൻ യാത്ര ചെയ്ത മിക്ക ദിവസങ്ങളിലും വാഹനത്തിന്റെ ഉദ്ദേശം വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ വാഹനത്തിന്റെ 4 ടയറുകളും ഏഴുമാസത്തിനുശേഷം 04.02.2016-ൽ പുതുക്കി മാറ്റിയിട്ടുണ്ട്. ഇതിന് 28800 ക ചെലവഴിച്ചു. ഇത് വാഹനത്തിന്റെ അമിതവും പരുക്കുവുമായ ഉപയോഗം വ്യക്തമാക്കുന്നു.

ഔദ്യോഗിക ആവശ്യത്തിനു മാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് സർക്കാറിന്റെ 24.02.2003 GO (MS) 113/03 Fin നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നണ്ട്. 24703 കിലോമീറ്റർ ഓടിയതിൽ 22826 കിലോമീറ്ററും ചെയർമാനുവേണ്ടിയാണ് ഉപയോഗിച്ചത്. വാഹന ഉപയോഗം സംബന്ധിച്ച നിജസ്ഥിതി ബോധ്യപ്പെടുന്നതിന് വിശദ അന്വേഷണം ഈ വിഷയത്തിൽ ആവശ്യമാണ്.

## ഡ്രൈവറുടെ നിയമനം.

ബാങ്കിന് രണ്ട് ഡ്രൈവർ തസ്തിക നിലവിലുണ്ട്. രണ്ട് വാഹനവും ഉണ്ട്. ഒരു ബെലോറോ ജീപ്പും, ഒരു ഇന്നോവ കാറും. ഇന്നോവ വാഹത്തിന്റെ ഡ്രൈവർ ആയി ദിവസ വേതനാടിസ്ഥാത്തിൽ അബു. സി. S/O പോക്കർ, ചെട്ടിയാംകുത്തിൽ, വഴിക്കടവ് പി.ഒ. എന്നയാളെ നിയമിച്ചു ശമ്പളം നൽകിയതായി രേഖകൾ പരിശോധിച്ചതിൽ കണ്ടിട്ടുണ്ട്. യാതൊരു സാഹചര്യത്തിലും ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പാടില്ലയെന്ന

രജിസ്ട്രാറുടെ 17/81 -ാം നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നു. താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരന്റെ സേവനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കാനുള്ള സാധ്യത നിലവിലുണ്ടായിരിക്കെയാണ് ഡ്രൈവറെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ടി ജീവനക്കാരൻ ഇപ്പോൾ ബാങ്കിൽ ഇല്ലായെന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കെതിരാണ് ബാങ്കിന്റെ ഈ നടപടി.

<u>ബിസിനസ് എക്സിക്യൂട്ടീവ്.</u>

ബാങ്കിന് അനുവദിച്ച് നൽകിയ സ്റ്റാഫ് പാറ്റേണിൽ ബിസിനസ് എക്സിക്യൂട്ടീവ് എന്ന ഒരു തസ്തിക അനുവദിച്ചിട്ടില്ല. എന്നാൽ ബാങ്ക് ഭരണ സമിതിയുടെ 18.06.2015 തിയ്യതിയിലെ 883-ാം നമ്പർ തീരുമാനപ്രകാരം നിയമനം നടത്തുന്നതിന് തീരുമാനിക്കുകയും പത്ര പരസ്യം നടത്തിയതായും പിന്നീട് അനീഷ്. ടി S/O ചന്ദ്രൻ തോട്ടശ്ശേരി വീട് കരുളായ് പി.ഒ എന്നയാളെ 10,000/- (പതിനായിരം രൂപ) രൂപ മാസമൊത്ത ശമ്പളത്തിന് നിയമിച്ച് ശമ്പളം നൽകിയതായും കാണുന്നു. അനുവദിച്ചു കിട്ടാത്ത തസ്തിക സൃഷ്ടിക്കുന്നതിന് ബാങ്ക് ഭരണസമിതിക്ക് അധികാരമില്ല. ഇല്ലാത്ത തസ്തികയിൽ നിയമനം നടത്തുന്നതിനും അധികാരമില്ല. ഇതുമൂലം ബാങ്കിന് മൊത്തം നഷ്ടപ്പെട്ട തുക പരിശോധിക്കപ്പെടേണ്ടതുണ്ട്.

ബാങ്ക് സമർപ്പിച്ച ഈ വിഷയത്തിലുള്ള വിശദീകരണങ്ങൾ തൃപ്തികരമല്ല. അതിനാൽ മേൽ പരിശോധനകളിൽ നിന്നും വ്യക്തമായ വസ്തുതകളിൽ, പരാതിക്കാരൻ സമർപ്പിച്ച പരാതിയിൽ ആരോപിച്ച എല്ലാ ആരോപണങ്ങളും സാധൂകരിക്കപ്പെടുന്നു. അതിനാൽ ഈ വിഷയങ്ങളിൽ വിശദമായ ഒരു അന്വേഷണം, സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കി (കെട്ടിട നവീകരണ വിഷയത്തിൽ) നടത്തേണ്ടതുണ്ട്.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
മലപ്പുറം

-3920

1

ന. 560/16/എൻ, CRB — 7/6/16 സഹകരണ സംഘം അസി.രജിസ്ട്രാർ (ജനറൽ) ടെ കാര്യാലയം, നിലമ്പൂർ തിയ്യതി. 4.6.2016

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

നിലമ്പൂർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

മലപ്പുറം

സർ,

വിഷയം:- എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബങ്കിന്റെ കെട്ടിട നവീകരണത്തിലും, വാഹന ഉപയോഗത്തിലും, അഴിമതി നടത്തിയെന്ന ശ്രീ. സി.ജി.ഉണ്ണിയുടെ പരാതി സംബന്ധിച്ച്.

സൂചന :- (1) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 01/04/2016 തിയ്യതിയിലെ സി.ആർ.ബി 2237/2016 നമ്പർ കത്ത്

(2) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 22/02/2016 തിയ്യതിയിലെ സി.ആർ.ബി (1) 8711/2015/കെഡീസ് നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 05/02/2014 തീയതിയിലെ 7/14 നമ്പർ സർക്കുലർ

(4) സർക്കാരിന്റെ 24/02/2003 തീയതിയിലെ ജി.ഒ.(എം.എസ്) 113/2003/ഫിൻ ഉത്തരവ്.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബാങ്കിന്റെ കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ചെയർമാൻ മന്ത്രിയായ തന്റെ പിതാവിന്റെ ഭരണ സ്വാധീനം ഉപയോഗിച്ച് കെട്ടിട നവീകരണത്തിന് അംഗീകാരം അനുവദിപ്പിച്ചും, ചട്ടവിരുദ്ധമായി നടപടികൾ സ്വീകരിച്ചും, കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ചെയർമാനും കൂട്ടരും അഞ്ച് കോടി രൂപ തട്ടിയെടുത്തു എന്നും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദൂർത്ത് ചെയ്തു എന്നും, ഒരു വിദ്യാർത്ഥി യൂണിയൻ നേതാവിനെ നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം ടയർ മാറ്റി തുക ചെയർമാൻ കരസ്ഥമാക്കി എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്കും, രാഷ്ട്രീയ സേവനത്തിനും മാത്രം ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയതിൽ അന്വേഷണം നടത്തി നടപടി കൈകൊള്ളണം എന്ന ശ്രീ, സി.ജി. ഉണ്ണി, ചൂരക്കാട്ടിൽ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പോസ്റ്റ്, നിലമ്പൂർ, മലപ്പുറം ജില്ല എന്നയാളുടെ പരാതി പരിശോധിച്ചതിൽ നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബാങ്കിന്റെ ഹെഡ്ഡാഫീസ് കെട്ടിടം നവീകരിക്കുന്നതിന് 6.20 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതിക്കായി ബാങ്ക് അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ അപേക്ഷയിൽ രജിസ്ട്രാറുടെ മുനനുമതി ലഭിക്കാതെ തുക വിനിയോഗിച്ചതൊഴിച്ച് ബാക്കി എല്ലാ നടപടിക്രമങ്ങളും പാലിച്ചിരുന്നു. പിന്നീട് സൂചന (2) ഉത്തരവ് പ്രകാരം ബാങ്കിന്റെ കെട്ടിട ഫണ്ടിൽ നിന്നും 5.13 കോടി രൂപയും, പൊതു ഫണ്ടിൽ നിന്നും 1.07 കോടി രൂപയും അടക്കം 6.20 കോടി രൂപ പ്രസ്തുത ആവശ്യത്തിനായി ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിട നവീകരണ പ്രവർത്തി പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ വിലനിർണ്ണയ സർട്ടിഫിക്കറ്റും, പൂർത്തീകരണ സർട്ടിഫിക്കറ്റും ബാങ്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത ബാങ്കിനുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം ചട്ടം 54 ഉപചട്ടം (2) പ്രകാരം സ്ഥാവര ആസ്തികൾ രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്താനോ, ഒഴിവാക്കുവാനോ സാധ്യമല്ല. എന്നാൽ ബാങ്കിൽ നവീകരണ പ്രവർത്തികൾ നടക്കുന്ന കെട്ടിടത്തിൽ നിന്നും ഫർണിച്ചറുകൾ, വാതിൽ, ജനൽ കട്ടിളകൾ, പൊളികൾ എന്നിവ ഡിസ്പോസ് ചെയ്യുന്നതിന് രജിസ്ട്രാറുടെ അനുമതിയില്ലാതെയും വില ഈടാക്കാതെയും പ്രസ്തുത വസ്തുക്കൾ പ്രവർത്തി സ്ഥലത്തുനിന്നും അനധികൃതമായി മാറ്റപ്പെട്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 നമ്പർ സർക്കുലർ വ്യവസ്ഥ ക്ലോസ് (1), (2) എന്നിവ പ്രകാരം സഹകരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി വാങ്ങിയിരിക്കണം എന്നും, വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി

അംഗീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത സർക്കുലർ വ്യവസ്ഥകൾ [illegible] രജിസ്ട്രാറുടെ അനുമതിയില്ലാതെ ടൊയോട്ട അമാന ടൊയോട്ട, വി.പി.കെ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, രാമപുരം എന്ന സ്ഥാപനം 19/06/2015 തീയതിയിൽ 15,51,984/- രൂപയുടെ പ്രോഫോർമ ഇൻവോയിസ് സമർപ്പിക്കുകയും, 29/06/2015 തീയതിയിൽ 13,05,071/- രൂപയുടെ എക്സ് ഷോറൂം വിലയായും, മറ്റു ചെലവുകളടക്കം പ്രൊഫോർമ ഇൻവോയിസ് വിലയായ 15,51,984/- രൂപക്ക് കാർ വാങ്ങുകയും ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബാങ്ക് ഉപയോഗിക്കുന്ന വാഹന സംബന്ധമായ പരാതിയിൽ പരിശോധന നടത്തിയതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(1) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ വാഹനത്തിന് ഒരു ഡ്രൈവറെ നിയമിക്കേണ്ടതും പ്രസ്തുത ഡ്രൈവർ മാത്രം വാഹനം ഓടിക്കേണ്ടതുമുണ്ടെന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശ പ്രകാരം ബാങ്ക് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഡ്രൈവറെ ചുമതലപെടുത്തി ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപെടുത്തി ഡ്രൈവർക്ക് ലോഗ് ബുക്ക് നൽകിയിട്ടില്ല

(2) 7/7/2015 തീയതി സി.ഇ.ഒ ഫോറം മീറ്റിംഗിൽ പങ്കെടുക്കുന്നതിന് 965 കിലോമീറ്ററും, കൂടാതെ 9/3/2015 തീയതി കാരണം കാണിക്കാതെ 945 കിലോമീറ്ററും കെ.എൽ 71 ബി 4747 ഇന്നോവ കാർ ബാങ്ക് ചെയർമാൻ ശ്രീ. ആര്യാടൻ ഷൌക്കത്ത് തിരുവനന്തപുരം വരെ കൊണ്ടുപോയി ഉപയോഗിച്ചു, ഒരാൾ മാത്രം സഞ്ചരിക്കുന്നതിന് ആയി ട്രയിൻ സൌകര്യം ഉപയോഗിക്കാതെ ഇത്രയും ദൂരം വാഹനം ഉപയോഗിച്ചത് ന്യായീകരിക്കാവുന്നതല്ല, എന്നും അയത് സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (iii) ഉപ ക്ലോസ് (f) ന് വിരുദ്ധമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സൂചന (3) സർക്കുലർ പ്രകാരം സഹകരണ മേഖലയിൽ വാഹന ഉപ്യോഗവുമായി നിലവിലുണ്ടായിരുന്ന എല്ല ഉത്തരവുകൾ നിർത്തൽ ചെയ്തു സൂചന (4) ഉത്തരവ് സഹകരണ മേഖലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (ii) പ്രകാരം വാഹനം ഓടിച്ചതിന്റെ ഉദ്ദേശം ഡ്രൈവർ ലോഗ് ബുക്കിൽ എഴുതണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, ആയതിനു വിരുദ്ധമായി ബാങ്ക് ചെയർമാൻ 22826 കിലോമീറ്റർ വാഹനം ഉപയോഗിച്ചതിന് ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം എഴുതിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 10 ൽ പ്രകാരം പ്രസ്തുത രീതിയിലുള്ള യാത്ര ഔദ്യോഗിക യാത്രയല്ല എന്ന് കണക്കാക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നു. കൂടാതെ സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. മേൽ സഹചര്യത്തിൽ കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ബാങ്ക് ജനറൽ മാനേജർ ശ്രീ. സുധാകരൻ 1349 കിലോമീറ്ററും, ബാങ്ക് ചെയർമാൻ ശ്രീ.ആര്യാടൻ ഷൌക്കത്തലി 22826 കിലോമീറ്ററും, ബാങ്ക് വൈസ് ചെയർമാൻ ശ്രീ.ഗോപിനാഥ് 528 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു.

(4) സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. കെ.എൽ 10 എ.കെ 8021 ബൊളേറൊ വാഹനം ബാങ്ക് ജനറൽ മാനേജർ 660 കിലോമീറ്ററും, വൈസ് ചെയർമാൻ 136 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) കെ.എൽ 71 ബി 4747 ഇന്നോവ വാഹനം 29/06/2015 തീയതി മുതൽ 04/02/2016 തീയതി വരെ ഉപയോഗിച്ചതിൽ വാഹനത്തിന്റെ 4 ചക്രങ്ങളും പുതുക്കി മാറ്റി 28800/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് സൂചിപ്പിക്കുന്നത് ഇന്നോവ വാഹനം അമിത ഉപയോഗം നടത്തുന്നുണ്ടെന്നും, പ്രസ്തുത വാഹനം ഉപയോഗിച്ചതിൽ 77.21 ശതമാനവും ബാങ്ക് ചെയർമാനും, 4.56 ശതമാനം ജനറൽ മാനേജരും ഔദ്യോഗിക ആവശ്യത്തിനല്ലാതെ ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ നിയമിതനായ ഡ്രൈവർ അല്ലാതെ വാഹനം ഓടിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിന് വിരുദ്ധമായി നിലവിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കെ അബു.സി, S/o പോക്കർ, ചെട്ടിയാംകുന്നിൽ, വെള്ളക്കട്ട വഴിക്കടവ് പോസ്റ്റ്, എന്നയാളെ മറ്റൊരു താത്കാലിക ഡ്രൈവറായി നിയമിച്ച് കെ.എൽ 71 ബി 4747 ഇന്നോവ വാഹനത്തിന്റെ ഡ്രൈവറായി ജോലിചെയ്യിപ്പിച്ചു എന്ന് ബോധ്യമായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നത് ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക

ജീവനക്കാരനായി നിയമിച്ച് ദൂർത്ത് ചെയ്തു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു. എന്നാൽ നിലവിൽ ഈ ജീവനക്കാരൻ ബാങ്കിൽ ജോലിചെയ്യുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രജിസ്ട്രാറുടെ, അനുമതിലഭിക്കാത്തതും, ബാങ്ക് സ്റ്റാഫ് പാറ്റേണിൽ ഉൾപെടാത്തതുമായ ഒരു ബിസിനസ്സ് എക്സിക്യൂട്ടീവിന്റെ തസ്തിക 18/06/2015 തീയതിയിലെ 883 നമ്പർ തീരുമാന പ്രകാരം ൽബാങ്ക് സൃഷ്ടിക്കുകയും, ടി നിയമനവുമായി ബന്ധപെട്ട് പത്രപരസ്യം നൽകുകയോ, മറ്റു നടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയോ ചെയ്യാതെയും ശ്രീ. അനീഷ് ടി, S/o ചന്ദ്രൻ, തോട്ടശ്ശേരി വീട്, കാർളിക്കോട്, കരുളായി പോസ്റ്റ് എന്നയാളെ 10,000/- രൂപ മൊത്ത ശമ്പളത്തിൽ 6 മാസ കാലത്തേക്ക് താത്കാലികമായി നിയമച്ചിട്ടുണ്ട്. എന്നാൽ എന്നാൽ പ്രസ്തുത 6 മാസ കാലപരിധി അവസനിച്ചിട്ടും നിലവിലും ടി ജീവനക്കാരൻ ബാങ്കിൽ പ്രവർത്തിച്ച് വരുന്നു, പ്രാഥമിക പരിശോധന നടത്തിയതിൽ ടിയാളുടെ സേവനം ബാങ്കിന് കാര്യമായ നിക്ഷേപ, വായ്പ പുരോഗതി ഉണ്ടായിട്ടില്ല എന്നും അംഗീകാരമില്ലാത്ത ഒരു തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകിവരുന്നു എന്നത് നിയമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തി നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്ന പരാതികാരന്റെ വാദം സാധൂകരിക്കുന്നു.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദൂർത്ത് ചെയ്തു എന്നും, നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയിട്ടുണ്ട് എന്ന. പരാതികാരനായ ശ്രീ. സി.ജി. ഉണ്ണിയുടെ വാദം സാധൂകരിക്കുന്നതായും, മറ്റു വാദങ്ങൾ അടിസ്ഥാന രഹിതമാണെന്നും റിപ്പോർട്ട് പ്രകാരം ബോധ്യമാവുന്നു. മേൽ പ്രവർത്തികൾ മൂലം ബാങ്കിന് വന്നിട്ടുള്ള നഷ്ടം കണക്കാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ചിട്ടുള്ള പ്രാഥമിക പരിശോധന റിപ്പോർട്ട് സഹിതം അനന്തര നടപടികൾക്കായി സമർപ്പിച്ച്കൊള്ളുന്നു.

വിശ്വസ്തതയോടെ

ASSISTANT REGISTRAR OF CO-OPERATIVE SOCIETIES (GENERAL) NILAMBUR

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂർ

നമ്പർ. 560/16/എൻ.

സഹകരണ സംഘം അസി.രജിസ്ട്രാർ (ജനറൽ) ടെ
കാര്യാലയം, നിലമ്പൂർ തിയ്യതി. 04/06/2016

യൂണിറ്റ് ഇൻസ്പെക്ടർ,
നിലമ്പൂർ യൂണിറ്റ്

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
നിലമ്പൂർ

സർ,

വിഷയം:- എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം - ബങ്കിന്റെ കെട്ടിട നവീകരണത്തിലും, വാഹന ഉപയോഗത്തിലും, അഴിമതി നടത്തിയെന്ന ശ്രീ. സി.ജി.ഉണ്ണിയുടെ പരാതി സംബന്ധിച്ച്.

സൂചന :- (1) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 01/04/2016 തിയ്യതിയിലെ സി.ആർ.ബി 2237/2016 നമ്പർ കത്ത്

(2) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 22/02/2016 തിയ്യതിയിലെ സി.ആർ.ബി (1) 8711/2015/കെഡീസ് നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 05/02/2014 തീയതിയിലെ 7/14 നമ്പർ സർക്കുലർ

(4) സർക്കാരിന്റെ 24/02/2003 തീയതിയിലെ ജി.ഒ.(എം.എസ്) 113/2003/ഫിൻ ഉത്തരവ്.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം - ബാങ്കിന്റെ കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ചെയർമാൻ മന്ത്രിയായ തന്റെ പിതാവിന്റെ ഭരണ സ്വാധീനം ഉപയോഗിച്ച് കെട്ടിട നവീകരണത്തിന് അംഗീകാരം അനുവദിപ്പിച്ചും, ചട്ടവിരുദ്ധമായി നടപടികൾ സ്വീകരിച്ചും, കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ചെയർമാനും കൂട്ടരും അഞ്ച് കോടി രൂപ തട്ടിയെടുത്തു എന്നും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദൂർത്ത് ചെയ്തു എന്നും, ഒരു വിദ്യാർത്ഥി യൂണിയൻ നേതാവിനെ നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം ടയർ മാറ്റി തുക ചെയർമാൻ കരസ്ഥമാക്കി എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്കും, രാഷ്ട്രീയ സേവനത്തിനും മാത്രം ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയതിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളണം എന്ന ശ്രീ. സി.ജി. ഉണ്ണി, ചൂരക്കാട്ടിൽ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പോസ്റ്റ്, നിലമ്പൂർ, മലപ്പുറം ജില്ല എന്നയാളുടെ പരാതി പരിശോധിച്ചതിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

എഫ്. 1043 നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം - മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ ആസ്ഥാനമായി നിലമ്പൂർ മുൻസിപാലിറ്റി, മമ്പാട്, എടവണ്ണ, തിരുവാലി, വണ്ടൂർ, പോരൂർ, പാണ്ടിക്കാട്, തുവ്വൂർ, കരുവാരകുണ്ട്, കാളികാവ്, അമരമ്പലം, കരുളായി, ചുങ്കത്തറ, എടക്കര, വഴിക്കടവ്, ചാലിയാർ, പോത്തുകൽ, ചോക്കാട്, മൂത്തേടം, തൃക്കലങ്ങോട് എന്നീ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായി 10.04.1939 ൽ രജിസ്റ്റർ ചെയ്ത് 26-06-1939 മുതൽ പ്രവർത്തിച്ചുവരുന്നു. ബാങ്കിൽ നിലമ്പൂർ ഹെഡ് ഓഫീസ് ശാഖ ഉൾപ്പെടെ 22 ശാഖകൾ പ്രവർത്തിക്കുന്നു, സംഘത്തിൽ പാർട്ട് ടൈം ജീവനക്കർ കൂടാതെ 107 ജീവനക്കാരും സേവനമനുഷ്ടിച്ച് വരുന്നു.

ബാങ്കിന്റെ വരണാധികാരിയുടെ 06/10/2013 തീയതിയിലെ 2287/13 നമ്പർ നടപടി ക്രമപ്രകാരം 13 അംഗ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും, ആയതിൽ നിന്നും 07/10/2013 തീയതിയിലെ ഭരണസമിതി തീരുമാന നമ്പർ 1 പ്രകാരം ശ്രീ. ആര്യാടൻ ഷൌക്കത്തലി യെ ബാങ്കിന്റെ ചേയർമാനായി തെരഞ്ഞെടുത്ത് ചുമതലയേറ്റുവരുന്നു.

ബാങ്കിന്റെ ഹെഡ്ഡാഫീസ് കെട്ടിടം താഴെ പാർക്കിങ്ങ് ഏരിയ , ഒന്നാമത്തെ നിലയിൽ നിലമ്പൂർ മുഖ്യശാഖയും, സായാഹ്ന ശാഖയും, രണ്ടാമത്തെ നിലയിൽ ഹെഡ്ഡാഫീസും, ഡാറ്റാ സെന്ററും, മൂന്നാമത്തെ നിലയിൽ ബോർഡ്മീറ്റിംഗ് ഹാളും, മിനി കോൺഫറൻസ് ഹാളും മുതലായ സൌകര്യങ്ങളോട് കൂടി നവീകരിച്ച് നിലവിലെ കെട്ടിടം നവീകരിക്കുന്നതിന് 6.20 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ അപേക്ഷയിൽ രജിസ്ട്രാറുടെ മുൻനുമതി ലഭിക്കാതെ തുക വിനിയോഗിച്ചതൊഴിച്ച് ബാക്കി എല്ലാ നടപടിക്രമങ്ങളും

ലഭിച്ചിരുന്നു. പിന്നീട് സൂചന (2) ഉത്തരവ് പ്രകാരം ബാങ്കിന്റെ കെട്ടിട ഫണ്ടിൽ നിന്നും 5.13 കോടി രൂപയും, പൊതു ഫണ്ടിൽ നിന്നും 1.07 കോടി രൂപയും അടക്കം [illegible] കോടി രൂപ പ്രസ്തുത ആവശ്യത്തിനായി ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിട നവീകരണ പ്രവർത്തി പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ വിലനിർണ്ണയ സർട്ടിഫിക്കറ്റും, പൂർത്തീകരണ സർട്ടിഫിക്കറ്റും ബാങ്ക് സമർപ്പിച്ചിട്ടില്ല. സംഘത്തിന്റെ 31/03/2015 തിയ്യതിയിലെ ആഡിറ്റ് കടാന പട്ടിക പ്രകാരം ഓഹരി ഇനത്തിൽ 15.38 കോടി രൂപയും, നിക്ഷേപ ഇനത്തിൽ 587.94 കോടി രൂപയും, വായ്പാ ബാക്കിനിൽപ്പ് 339.72 കോടി രൂപയും, സംഘം കൈവശം 29.50 കോടി രൂപയും, ബാങ്കുകളിലെ നിക്ഷേപം 130.02 കോടി രൂപയുമാണ് ബാക്കിനിൽപ്പ്. അറ്റലാഭം 3.25 കോടി രൂപയുമാണ്. ആയതിനാൽ പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത ബാങ്കിനുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ബാങ്കിന്റെ കെട്ടിടം നവീകരണ ഭാഗമായി പൊളിച്ച് ഒഴിവാക്കുന്ന കെട്ടിട ഭാഗങ്ങളിലെ സ്ഥാപിച്ചിരുന്ന മര ഉരുപടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തികൊണ്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ ബാങ്കിൽ വിശദീകരണം ആരാഞ്ഞതിൽ ബാങ്ക് കരാറുകാരനുമായി ഉണ്ടാക്കിയ കോൺട്രാക്ടിൽ പേജ് (2) ൽ ക്ലോസ് 4 അയി മരഉരുപ്പടികൾ കോൺട്രാക്ടർക്ക് നൽകുന്നതിന് വ്യവസ്ഥയുണ്ട് എന്ന് പറയുന്നു. എന്നാൽ പ്രസ്തുത കോൺട്രാക്ട് പരിശോധിച്ചതിൽ മേൽ ഉരുപടികൾ പ്രവർത്തി സ്ഥലത്ത് നിന്നും മാറ്റുന്നതിനുള്ള ചെലവ് വഹിക്കുന്നതുമായി ബന്ധപ്പെട്ടാണ് കരാറുള്ളത്. മാത്രവുമല്ല സഹകരണ സംഘം ചട്ടം 54 ഉപചട്ടം (2) പ്രകാരം സ്ഥാവര ആസ്തികൾ രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്താൻ സാധ്യമല്ല. എന്നാൽ വിലപിടിപ്പുള്ള പ്രസ്തുത ഫർണിച്ചറുകൾ, വാതിൽ, ജനൽ കട്ടിളകൾ, പൊളികൾ എന്നിവ ഡിസ്പോസ് ചെയ്യുന്നതിന് രജിസ്ട്രാറുടെ അനുമതിയില്ലാതെയും വില ഈടാക്കാതെയും പ്രസ്തുത വസ്തുക്കൾ പ്രവർത്തി സ്ഥലത്തുനിന്നും അനധികൃതമായി മാറ്റപെട്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നു. ആയതിന്റെ വിലകണക്കാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. മേൽ വസ്തുത പരാതിയിൽ പറഞ്ഞിട്ടുള്ള ക്രമകേടിനെ സാധൂകരിക്കുന്ന എന്നും റിപ്പോർട്ട് ചെയ്യുന്നു.

മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 24/09/2012 തീയതിയിലെ സി.ആർ.ബി 4676/12/കെ.ഡീസ് നമ്പർ ഉത്തരവ് പ്രകാരം ഒരു പുതിയ | ബൊലേറോ എസ്.എൽ.എക്സ് ജീപ്പ് വാങ്ങുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിനനുസരിച്ച് 14/05/2012 തീയതിയിൽ ഒരു ബൊലേറോ എസ്.എൽ.എക്സ് ജീപ്പ് വാങ്ങിയിട്ടുണ്ട്. കെ.എൽ.10.8021 നമ്പർ രജിസ്ട്രേഷനിൽ ഒരു ബൊലേറോ ജീപ്പ് ബാങ്ക് ഉപയോഗിച്ച് വരുന്നു. 18/06/2015 തീയതിയിലെ 887 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ബാങ്കിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള വാഹനം പര്യാപ്തമല്ലാത്തതിനാൽ പുതിയ ഒരു ഇന്നോവക്കാർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിനും, മലപ്പുറം ജില്ലയിലെ ഏക ഡീലറായ വി.പി.കെ. മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, VI/240/A. - NA - 213, പനങ്ങാങ്ങര, രാമപുരം പോസ്റ്റ്, മലപ്പുറം, കേരള എന്ന സ്ഥാപനം സമർപ്പിച്ച 15,51,984/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഒരു ജി.എക്സ്.75 മോഡൽ ഇന്നോവ കാർ വാങ്ങുന്നതിന് തീരുമാനിച്ചു. അയത് പ്രകാരം ടൊയോട്ട അമാന ടൊയോട്ട, വി.പി.കെ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, രാമപുരം എന്ന സ്ഥാപനം 19/06/2015 തീയതിയിൽ 15,51,984/- രൂപയുടെ പ്രൊഫോർമ ഇൻവോയിസ് സമർപ്പിക്കുകയും, 29/06/2015 തീയതിയിൽ 13,05,071/- രൂപയുടെ എക്സ് ഷോറൂം വിലയായും, മറ്റ് ചെലവുകളടക്കം പ്രൊഫോർമ ഇൻവോയിസ് വിലയായ 15,51,984/- രൂപക്ക് കാർ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 നമ്പർ സർക്കുലർ വ്യവസ്ഥ ക്ലോസ് (1), (2) എന്നിവ പ്രകാരം സഹകരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി വാങ്ങിയിരിക്കണം എന്നും, വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി അംഗീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത ഇന്നോവ കാർ വാങ്ങുന്നതിന് ബാങ്ക് രജിസ്ട്രാറുടെ അനുമതി വാങ്ങിയിട്ടില്ല എന്നും വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി അംഗീകരിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.

ബാങ്ക് ഉപയോഗിക്കുന്ന കെ.എൽ 71 ബി 4747 ഇന്നോവ കാറിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്.

(1) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ വാഹനത്തിന് ഒരു ഡ്രൈവറെ നിയമിക്കേണ്ടതും പ്രസ്തുത ഡ്രൈവർ മാത്രം വാഹനം ഓടിക്കേണ്ടതുമുണ്ടെന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശ പ്രകാരം പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്കിൽ ഡ്രൈവറെ ചുമതലപ്പെടുത്തി ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപ്പെടുത്തി ഡ്രൈവർക്ക് ലോഗ് ബുക്ക് നൽകിയിട്ടില്ല.

(2) 7/7/2015 തീയതി സി.ഇ.ഒ ഫോറം മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ചെയർമാൻ വാഹനം തിരുവനന്തപുരം വരെ കൊണ്ടുപോയി 865 കിലോമീറ്റർ ഉപയോഗിച്ചു. കൂടാതെ 9/3/2015 തീയതി കാരണം കാണിക്കാതെ ചെയർമാൻ വാഹനം തിരുവനന്തപുരം വരെ കൊണ്ടുപോയി 945 കിലോമീറ്റർ ഉപയോഗിച്ചു. ഒരാൾ മാത്രം സഞ്ചരിക്കുന്നതിന് ആയി ട്രയിൻ സൗകര്യം ഉപയോഗിക്കാതെ ഇത്രയും ദൂരം വാഹനം ഉപയോഗിച്ചത് ന്യായീകരിക്കാവുന്നതല്ല. അതേ

സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (iii) ഉപ ക്ലോസ് (f) ന് വിരുദ്ധമാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു.

(3) കെ.എൽ 71 ബി 4747 ഇന്നോവ വാഹനത്തിന്റെ 01-07-2015 മുതൽ 13/05/16 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ തുടക്ക മീറ്റർ റീഡിംഗ് 56 കിലോമീറ്ററും, ഒടുക്കത്തെ മീറ്റർ റീഡിംഗ് 29619 കിലോമീറ്ററുമാണ്. വാഹനം 29563 കിലോമീറ്റർ ഉപയോഗിച്ചു. ആയതിൽ ജനറൽ മാനേജർ 1349 കിലോമീറ്ററും, ചെയർമാൻ 22826 കിലോമീറ്ററും, ബാങ്കിന്റെ ഉപയോഗത്തിന് 4860 കിലോമീറ്ററും, വൈസ് ചെയർമാൻ 528 കിലോമീറ്ററും ഉപയോഗിച്ചിട്ടുണ്ട്. 16/8/15 മുതൽ 14/10/2015 വരെയും, 21/10/15 മുതൽ 02/04/2016 വരെയും, വാഹനം ഓടിച്ച ഡ്രൈവർ ലോഗ് ബുക്കിൽ സാക്ഷ്യ പെടുത്തിയിട്ടില്ല.

സൂചന (3) സർക്കുലർ പ്രകാരം സഹകരണ മേഖലയിൽ വാഹന ഉപയോഗവുമായി നിലവിലുണ്ടായിരുന്ന എല്ലാ ഉത്തരവുകൾ നിർത്തൽ ചെയ്തു സൂചന (4) ഉത്തരവ് സഹകരണ മേഖലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (ii) പ്രകാരം വാഹനം ഓടിച്ചതിന്റെ ഉദ്ദേശം ഡ്രൈവർ ലോഗ് ബുക്കിൽ എഴുതണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന വിരുദ്ധമായി ബാങ്ക് ചെയർമാന് 22826 കിലോമീറ്റർ വാഹനം ഉപയോഗിച്ചതിന് ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം എഴുതിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 10 ൽ പ്രകാരം പ്രസ്തുത രീതിയിലുള്ള യാത്ര ഔദ്യോഗിക യാത്രയല്ല എന്ന് കണക്കാക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നു. കൂടാതെ സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. മേൽ സഹചര്യത്തിൽ കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ബാങ്ക് ജനറൽ മാനേജർ ശ്രീ. സുധാകരൻ 1349 കിലോമീറ്ററും, ബാങ്ക് ചെയർമാൻ ശ്രീ.ആര്യാടൻ ഷൌക്കത്തലി 22826 കിലോമീറ്ററും, വൈസ് ചെയർമാൻ ശ്രീ.ഗോപിനാഥ് 528 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു. വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന പരാതികാരന്റെ വാദത്തെ മേൽ പ്രവർത്തിൽ സാധൂകരിക്കുന്നു.

കെ.എൽ 10 എ.കെ 8021 ബൊളേറൊ വാഹനത്തിന്റെ 29-05-2015 മുതൽ 05/04/16 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ തുടക്ക മീറ്റർ റീഡിംഗ് 59281 കിലോമീറ്ററും, ഒടുക്കത്തെ മീറ്റർ റീഡിംഗ് 80834 കിലോമീറ്ററുമാണ്. വാഹനം 21553 കിലോമീറ്റർ ഉപയോഗിച്ചു. ആയതിൽ ജനറൽ മാനേജർ 660 കിലോമീറ്ററും, ബാങ്കിന്റെ ഉപയോഗത്തിന് 20757 കിലോമീറ്ററും, വൈസ് ചെയർമാൻ 136 കിലോമീറ്ററും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപെടുത്തി നലകിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. കെ.എൽ 10 എ.കെ 8021 ബൊളേറൊ വാഹനം ബാങ്ക് ജനറൽ മാനേജർ 660 കിലോമീറ്ററും, വൈസ് ചെയർമാൻ 136 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

(4) കെ.എൽ 71 ബി 4747 ഇന്നോവ വാഹനം 29/06/2015 തീയതി മുതൽ 04/02/2016 തീയതി വരെ ഉപയോഗിച്ചതിൽ വാഹനത്തിന്റെ 4 ചക്രങ്ങളും പുതുക്കി മാറ്റി 28800/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് സൂചിപ്പിക്കുന്നത് ഇന്നോവ വാഹനം അമിത ഉപയോഗം നടത്തുന്നുണ്ടെന്നും, പ്രസ്തുത വാഹനം ഉപയോഗിച്ചതിൽ 77.21 ശതമാനവും ബാങ്ക് ചെയർമാനും, 4.56 ശതമാനം ജനറൽ മാനേജറും ഔദ്യോഗിക ആവശ്യത്തിനല്ലാതെ ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്യുന്നു.

(5) ബാങ്കിൽ നിലവിൽ രണ്ട് ഡ്രൈവർതസ്തികകളിൽ ജീവനക്കാരുണ്ടെങ്കിലും കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ഓടിക്കുന്നതിന് അബു.സി, S/o പോക്കർ, ചെട്ടിയാംകണ്ടി, വെള്ളക്കട്ട വഴിക്കടവ് പോസ്റ്റ്, എന്നയാളെ നിത്യവേധനത്തിൽ താത്കാലിക [illegible] നിയമിച്ച് [illegible] 16/8/15 [illegible] 14/10/2015 [illegible] 21/10/15 [illegible] 02/04/20[illegible] വരെയും, വാഹനം ഓടിച്ച ഡ്രൈവർ ലോഗ് ബുക്കിൽ സാക്ഷ്യ പെടുത്തിയിട്ടില്ല. പ്രസ്തുത ദിവസങ്ങളിൽ മുകളിൽ പറഞ്ഞ ഡ്രൈവർ ആണ് വാഹനം ഓടിച്ചത് എന്ന് ബോധ്യമാവുന്നു. സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ നിയമിതനായ ഡ്രൈവർ അല്ലാതെ വാഹനം ഓടിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിന് വിരുദ്ധമായി നിലവിൽ രണ്ട് ഡ്രൈവർമാർ

ഉണ്ടായിരിക്കെ മറ്റൊരു താത്കാലിക ഡ്രൈവറെ നിയമിച്ച് ജോലിചെയ്യിപ്പിച്ചു എന്നത് ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ധൂർത്ത് ചെയ്തു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു. നിലവിൽ ഈ ജീവനക്കാരൻ ബാങ്കിൽ ജോലിചെയ്യുന്നില്ല.

18/06/2015 തീയതിയിലെ 883 നമ്പർ പ്രകാരം ഒരു ബിസിനസ്സ് എക്സിക്യൂട്ടീവിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും അയതിന് പത്രപരസ്യം ചെയ്ത് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നതിനും, തസ്തിക ലഭിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ജനറൽ മുമ്പാകെ അപേക്ഷിക്കുന്നതിനും, ആയതിന് നടപടി സ്വീകരിക്കുവാൻ ജനറൽ മാനേജറെ ചുമതലപ്പെടുത്തികൊണ്ടും തീരുമാനമെടുക്കുകയും. എന്നാൽ ടി നിയമനവുമായി ബന്ധപെട്ട് പത്രപരസ്യം നൽകുകയോ, മറ്റു നടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയോ ചെയ്യാതെയും, തസ്തികക്ക് രജിസ്ട്രാറുടെ അനുമതി ഇല്ലാതെയും, ബാങ്ക് സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിലില്ലാത്ത തസ്തികയായ ബിസിനസ്സ് എക്സിക്യൂട്ടീവ് തസ്തികയിൽ ശ്രീ. അനീഷ് ടി, S/o ചന്ദ്രൻ, തോട്ടശ്ശേരി വീട്, കാർളിക്കോട്, കരുളായി പോസ്റ്റ് എന്നയാളെ 10,000/- രൂപ മൊത്ത ശമ്പളത്തിൽ 6 മാസ കാലത്തേക്ക് താത്കാലികമായി നിയമച്ചിട്ടുണ്ട്. എന്നാൽ എന്നാൽ പ്രസ്തുത 6 മാസ കാലപരിധി അവസനിച്ചിട്ടും നിലവിലും ടി ജീവനക്കാരൻ ബാങ്കിൽ പ്രവർത്തിച്ച് വരുന്നു. എന്നാൽ പ്രാഥമിക പരിശോധന നടത്തിയതിൽ ടിയാളുടെ സേവനം ബാങ്കിന് കാര്യമായ നിക്ഷേപ, വായ്പ പുരോഗതി ഉണ്ടായിട്ടില്ല. അംഗീകാരമില്ലാത്ത ഒരു തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകിവരുന്നു എന്നത് നിയമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത പ്രവർത്തി നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്ന പരാതികാരന്റെ വാദം സാധൂകരിക്കുന്നു.

| സി.ജി.ഉണ്ണിയുടെ പരാതി അന്വേഷണത്തിൽ മലപ്പുറം സഹകരണ ജോയിന്റ് രജിസ്ട്രാറുടെ 11.07.2017 തിയ്യതിയിലെ CRB 2237/2016 നമ്പർ കത്തിന് വിശദീകരണം നൽകുന്നത് സംബന്ധിച്ച് | സി.ജി.ഉണ്ണിയുടെ പരാതി അന്വേഷണത്തിൽ മലപ്പുറം സഹകരണ ജോയിന്റ് രജിസ്ട്രാറുടെ 11.07.2017 തിയ്യതിയിലെ CRB 2237/2016 നമ്പർ കത്ത് വായിച്ച് റിക്കാർഡാക്കി., അതിൽ ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് ചുവടെ കാണിച്ച തരത്തിൽ വിശദീകരണം നൽകുവാൻ തീരുമാനിച്ചു.<br>1. <u>ഇനം:1</u> ബാങ്കിൽ നിലവിലുണ്ടായിരുന്ന രണ്ട് വാഹനങ്ങളിൽ ഒന്ന് 16.10.2014ന് ലേലം ചെയ്ത് വില്പന നടത്തുകയുണ്ടായി. ഈ സമയത്ത് ബാങ്കിൽ ഒഴിവുണ്ടായിരുന്ന പ്യൂൺ/അറ്റന്റർ തസ്തികയിൽ നിയമനത്തിനായി നടത്തിയ പത്രപ്പരസ്യപ്രകാരം കിട്ടിയ അപേക്ഷകൾ പരിഗണിച്ചുവരികയായിരുന്നു. അവിചാരിതമായ ചില വൈഷമ്യങ്ങളാൽ നടപടി സ്തംഭനാവസ്ഥയിലായി. ഈ സാഹചര്യത്തിൽ ഒരു ഡ്രൈവറെ അറ്റന്റർ തസ്തികയിലേക്ക് മാറ്റി നിയമിച്ചു.<br>15.07.2016ന് ടെസ്റ്റ് നടത്തുവാൻ തീരുമാനിച്ചുവെങ്കിലും ചട്ടത്തിൽ വന്ന ഭേദഗതിയാലുണ്ടായ സങ്കീർണ്ണതയാലും രജിസ്ട്രാറുടെയും കോടതിയുടെയും ഇടപെടലുകളാലും നീണ്ടുപോയി. 23.04.2017ന് മാത്രമെ ടെസ്റ്റ് നടത്താൻ കഴിഞ്ഞുള്ളു. ഈ സാഹചര്യത്തിൽ അറ്റന്റർ തസ്തികയിലേക്ക് മാറ്റി നിയമിച്ച ഡ്രൈവറുടെ സേവനം അതേപടി തുടരേണ്ടതായി വന്നു.<br>ഇതിനകം 29.06.2015ന് പുതിയ ഇന്നോവ കാർ വാങ്ങി. സ്വാഭാവികമായി ഡ്രൈവറെ കണ്ടെത്തേണ്ടതായി വന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം സാദ്ധ്യമായിരുന്നില്ല. ആവശ്യമുള്ള ദിവസങ്ങളിൽ ദിവസ വേതനത്തിന് ആളെ നിയമിക്കുന്നതാണ് ബാങ്കിന്റെറ ഉത്തമ താല്പര്യത്തിന് നല്ലതെന്ന് ബോദ്ധ്യപ്പെട്ടു. കാരണം ഡ്രൈവർ സ്കെയിലിൽ താല്ക്കാലിക നിയമനം നടത്തിയാൽ പ്രതിമാസ ചെലവ് വളരെ കൂടുതലാവുമായിരുന്നു. ആ നിലയ്ക്ക് പ്രതിദിനം 650 ക വേതനത്തിൽ അവശ്യമുള്ള ദിവസങ്ങളിൽ മാത്രം ഡ്രൈവറെ ഏർപ്പെടുത്തുകയാണുണ്ടായത്. 2015 ജൂലൈ മുതൽ 2017 മാർച്ച് കൂടിയ കാലത്തേക്ക് ഏകദേശം 312 ദിവസത്തെ വേതനമാണ് |

NILAMBUR
CO-OPERATIVE
URBAN BANK

No. F1043, Head Office: Nilambur
Malappuram Dt., Kerala-679329
Tel: 04931 220142, 224872, Fax: 223564
Email: mail@nilamburcub.com
Website: www.nilamburcub.com

സൂചിതമായ 2,02,490/- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നടത്തിയിരുന്നുവെങ്കിൽ ചെലവ് (ചുരുങ്ങിയത് 9950 X 21 – 208950 + 86% ക്ഷാമബത്ത 179697 = 3,88,647/- എങ്കിലും ആകുമായിരുന്നു). ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഡ്രൈവറെ താല്ക്കാലികമായും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ച് ചിലവിട്ട 2,02,490/-ക.ക്ക് അനുമതി നൽകാൻ വിനയപൂർവ്വം താല്പര്യപ്പെടുന്നു. ഇക്കാര്യത്തിൽ മുൻകൂറനുവാദം തേടാതിരുന്നത് പ്രായോഗിക വിഷമത പരിഗണിച്ച് മാപ്പാക്കാനും അപേക്ഷിക്കുന്നു.

2 ഇനം രണ്ട്.

ബാങ്കിന് നിലവിൽ 2 വാഹനങ്ങൾ ഉണ്ടായിരുന്നതിൽ ഒന്ന് 16.10.2014ന് വില്പന നടത്തിയിരുന്നു. ആയതിന് പകരമായാണ് പുതിയ ഇന്നോവ കാർ വാങ്ങിയത്. ബാങ്കിന്റെ വെഹിക്കിൾ റീകുപ്മെന്റ് ഫണ്ടിൽ നിലവിലുള്ള വാഹനത്തിന്റേല്ലാതെ 1342241 രൂപ 31.03.2015ന് നീക്കിയിരുപ്പുമുണ്ടായിരുന്നു. ചട്ടം 54 മൂലി വാങ്ങുകയോ പാട്ടത്തിനെടുക്കുകയോ ചെയ്യുന്ന കാര്യത്തിലാണ് മുൻകൂർ അനുവാദം നിഷ്കർഷിക്കുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. മേൽ കാര്യങ്ങൾ കണക്കിലെടുത്ത് മുൻകൂർ അനുമതിയില്ലാതെ ഇന്നോവ കാർ വാങ്ങിയതിന് അംഗീകാരം നൽകണമെന്ന് അപേക്ഷിക്കുന്നു.

3 ഇനം മൂന്ന്

ബാങ്കിന് 24 ബ്രാഞ്ചുകളുണ്ട്. 21 പഞ്ചായത്തുകളിൽ പ്രവർത്തനപരിധിയും. ഈ പ്രദേശങ്ങളിലെ വായ്പക്കാർ, നിക്ഷേപകർ, മറ്റു ഇടപാടുകാർ എന്നിവരുമായും മറ്റ് പൊതുജനങ്ങളുമായും സമ്പർക്കം പുലർത്തേണ്ടത് ബാങ്കിന്റെ വികസനത്തിനും കാര്യക്ഷമതക്കും ആവശ്യമണ്. ബാങ്കിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി മറ്റ് പൊതുജന താല്പര്യമുള്ള പരിപാടികളിലും ചെയർമാൻ/ഭരണസമിതി അംഗങ്ങളുടെ സാന്നിദ്ധ്യം ബാങ്കിന്റെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമാണ്. കൂടാതെ ബ്രാഞ്ചു കളിലെ സന്ദർശനം നടത്തുന്നതും ജീവനക്കാരുടെയും മറ്റും പ്രവർത്തനം വിലയിരുത്തുന്നതും ബാങ്കിന്റെ ഉത്തമ താല്പര്യത്തിൽ അനുപേക്ഷണീയമായിരുന്നു. ഈ വക ആവശ്യങ്ങൾക്കാണ് ബാങ്കിന്റെ

-22-

P4/3

NILAMBUR
CO-OPERATIVE
URBAN BANK

No. F 1043, Head Office: Nilambur
Malappuram Dt., Kerala-679329
Tel: 04931 220142, 224872, Fax: 223564
Email: mail@nilamburcub.com
Website: www.nilamburcub.com

4. ഇനം നാല്

ബാങ്കിന്റെ സി.ഡി റേഷ്യോ 31.03.2014ന് 58.36 ആയിരുന്നത് 31.03.2015ന് 57.78 ആയി കുറഞ്ഞു. ഈ സാഹചര്യത്തിൽ നിക്ഷേപ വായ്പാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വല മാക്കേണ്ടതുണ്ടായിരുന്നു. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ 20.10.2010-ലെ UBD.BPO(PCB) Cir.28/09-18.300/2010-11 പ്രകാരം നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കൈവരിച്ച ബാങ്ക് എന്ന നിലയ്ക്ക് പരീക്ഷണാർത്ഥം ഒരു ബിസിനസ് എക്സിക്യൂട്ടിവിനെ പ്രതിമാസം 10000 ക മൊത്ത വേതനത്തിൽ നിയമിക്കാൻ ഭരണസമിതി 18.06.2015- ലെ 3-ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചതും 23.06.2015 ന് പത്രപ്പരസ്യവും 01.07.2015ന് മുഖാമുഖവും നടത്തി ശ്രീ. അനീഷ്.കെ യെ നിയമിച്ചതും ടിയാന്റെകൂടി സേവനഫലമായി സി.ഡി.റേഷ്യോ 31.03.2016ന് 60.27 ആയി വർദ്ധിച്ചെങ്കിലും പ്രതീക്ഷിച്ച ഫലം കിട്ടായ്കയാൽ സേവനം മതിയാക്കി. ഇക്കാര്യത്തിൽ മുൻകൂർ അനുവാദം തേടാതിരുന്നത് അബദ്ധവശാൽ സംഭവിച്ചുപോയ പിശകാണ്. സദയം മാപ്പാക്കി ചെലവ് ക്രമീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

5 ഇനം അഞ്ച്

നിർമ്മാണ പ്രവർത്തനം നടത്തേണ്ടതുള്ള കെട്ടിടത്തിൽ ബാങ്കിന്റെ ഹെഡ്ഡാഫീസ്, നിലമ്പൂർ പ്രധാന ശാഖ, നിലമ്പൂർ സായാഹ്ന ശാഖ എന്നിവ പ്രവർത്തിക്കേണ്ടതുണ്ടായിരുന്നു. ഇവ മൂന്നും താല്കാലികമായി മാറ്റി സ്ഥാപിക്കാൻ സൗകര്യപ്രദമായ കെട്ടിടസൗകര്യം ലഭ്യമായില്ല. തന്നെയുമല്ല അത് വാടകയിനത്തിൽ വലിയ ചെലവിനിടയാക്കുമെന്നും കണ്ടു. ആയതിനാൽ ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘ്നം വരാത്ത വിധത്തിൽ നിർമ്മാണ പ്രവർത്തികൾ മുന്നോട്ട് കൊണ്ട് പോകുമ്പോൾ അവിചാരിതമായ ചില താമസങ്ങൾ നേരിടുകയുണ്ടായി. ഈ പരിതസ്ഥിതിയാണ് നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാക്കിയത്. ഇപ്പോൾ മൂന്നു മാസത്തിനകം നിമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് കരാറുകാർ ഉറപ്പു നൽകിയിട്ടുണ്ട്.

മേൽ കാണിച്ച വിശദീകരണങ്ങൾ സദയം സ്വീകരിച്ച് തുടർ നടപടി അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

//നേർപകർപ്പ്//

Director

Chairman

Director

General Manager

The Nilambur Co-op. Urban Bank F 1043 H.O. Nilambur 679 329

Ext P5

മലപ്പുറം ജില്ലാ സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ്
(ഹാജർ: ശ്രീ. എം.റ്റി. ദേവസ്യ)

നമ്പർ. സിഇആർ.സി. 2237/2016 തീയതി: 19.12.2017

വിഷയം : എഫ്.1343-ാം നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് – പ്രവർത്തനത്തിലെ ക്രമക്കേടുകൾ – 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ ഉത്തരവ് സംബന്ധിച്ച്.

പരാമർശം : 1. ശ്രീ.സി.ടി. ഉണ്ണിയുടെ 22.02.2016 തീയതിയിലെയും എരഞ്ഞിക്കൽ ഇസ്മായിലിന്റെ 25.08.2016 തീയതിയിലെയും പരാതികൾ.
2. നിലമ്പൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ 560/16 എൻ നമ്പറിലെ 04.06.2016 , 04.05.2017 എന്നീ തീയതികളിലെ റിപ്പോർട്ടുകൾ.
3. ബാങ്ക് ഭരണസമിതിയുടെ 21.08.2017 തീയതിയിലെ 290-ാം നമ്പർ തീരുമാനം.

നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ പഴയ കെട്ടിടത്തിന്മേലുള്ള നവീകരണ പ്രവർത്തനങ്ങളുടെ മറവിൽ കോടികളുടെ ക്രമക്കേടുകൾ നടക്കുന്നതായും ലോക പ്രശസ്തമായ നിലമ്പൂർ തേക്കിൽ നിർമ്മിച്ച ബാങ്കിലെ ലക്ഷക്കണക്കിന് രൂപയുടെ ഫർണിച്ചറുകളും മറ്റും കടത്തിക്കൊണ്ടുപോയതായും ബാങ്കിന്റെ ഫണ്ടിൽ നിന്നും അനുമതി ഇല്ലാതെ 22 ലക്ഷം രൂപ ചെലവഴിച്ച് ഇന്നോവ കാർ വാങ്ങുകയും ബാങ്കിൽ ഡ്രൈവർമാർ ഉണ്ടായിരിക്കെ പേഴ്സണൽ ഡ്രൈവറെ നിയമിച്ച്, പേഴ്സണൽ ആവശ്യങ്ങൾക്കായി ചെയർമാൻ പ്രസ്തുത വാഹനം ഉപയോഗിച്ചുവരുന്നതായും ബാങ്കിൽ ഇല്ലാത്ത ലോൺ ക്യാൻവാസ് കോ-ഓർഡിനേറ്റർ എന്ന പ്രത്യേക തസ്തിക സൃഷ്ടിച്ച് വിദ്യാർത്ഥി യൂണിയൻ ജില്ലാ നേതാവിനെ നിയമിച്ചതായും ഇപ്രകാരം സർക്കാരിനെയും ജനങ്ങളെയും പറ്റിച്ച് കെട്ടിട നവീകരണം മറയാക്കി കോടികളുടെ പൊതുമുതൽ അനധികൃതമായി സ്വന്തമാക്കിയ ബാങ്ക് ചെയർമാനെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ഈ ഓഫീസിൽ സമർപ്പിക്കപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ നിലമ്പൂർ ടൗണിലുള്ള നിലവിലുള്ള ഇരുനില കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ഭരണസമിതി തീരുമാനിക്കുകയും ആയതിന് 5.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്ക് ബാങ്കിന്റെ പൊതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും [illegible] (അനുമതി ലഭിച്ചത് 22.02.2016 തീയതിക്ക്) നിർമ്മാണ പ്രവർത്തനങ്ങൾ ബാങ്ക് ആരംഭിച്ചതായും [illegible] കോടി [illegible] രൂപ എസ്റ്റിമേറ്റ് കാണിക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ പരസ്യം ഒരു മലയാള ദിനപത്രത്തിൽ മാത്രം പരസ്യം നടത്തിയിട്ടുള്ളതായും കെട്ടിട നവീകരണത്തിന്റെ ഭാഗമായി പൊളിച്ച് ഒഴിവാക്കുന്ന കെട്ടിട ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന [illegible] ഉരുപ്പടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തിക്കൊണ്ടുപോയതായും ബാങ്കിന് നിലവിലുള്ള ബൊലേറോ ജീപ്പിന് പുറമേ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിൽ നിന്നും അനുമതി വാങ്ങാതെ 1551984 രൂപ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങിയിട്ടുള്ളതായും ബാങ്കിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് [illegible] സ്വകാര്യ ആവശ്യങ്ങൾക്ക് ബാങ്ക് ചെയർമാൻ പ്രസ്തുത കാർ

ഉപയോഗിച്ചിട്ടുള്ളതായും ബാങ്കിൽ ഒരു ഡ്രൈവർ ഉണ്ടായിരിക്കെ ഇന്നോവ കാറിലേക്ക് ബാങ്ക് ചെയർമാൻ പേഴ്സണൽ ഡ്രൈവറെ നിയമിച്ചതായും, ബാങ്കിൽ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്ത ബിസിനസ് എക്സിക്യൂട്ടീവ് തസ്തികയിൽ 10000/- രൂപ മാസശമ്പളത്തിൽ, അനീഷ് ടി എന്നയാളെ നിയമിച്ചതായും ടി നിയമനം വഴി ബാങ്കിന് ശമ്പള നഷ്ടമല്ലാതെ യാതൊരു ബിസിനസ് പുരോഗതിയും ഉണ്ടായിട്ടില്ലെന്നും നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയും ഈ വിഷയത്തിൽ വിശദ പരിശോധന ആവശ്യമാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ടി പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയിൽ നിന്നും വിശദീകരണം തേടുകയും, പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രസ്തുത വിശദീകരണം തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 18.12.2017 ന് ബാങ്കിൽ ടി വിഷയങ്ങളിൽ നേരിട്ട് പരിശോധന നടത്തി.

6.2 കോടി രൂപ ചെലവഴിച്ച് നടത്തുന്ന കെട്ടിട നവീകരണ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം ഒരു പ്രാദേശിക ഭാഷാ പത്രത്തിൽ മാത്രം പരസ്യം ചെയ്തിട്ടുള്ളതായും കേരള സഹകരണ സംഘം നിയമം ചട്ടം 54, 180 ഇവയ്ക്ക് വിരുദ്ധമായി പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കും മുമ്പ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും, ഇതിനകം 5.43 കോടി രൂപ ചെലവഴിച്ചതായും എന്നാൽ രണ്ട് വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും, കെട്ടിട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും നടന്ന ക്രമക്കേടുകൾ പൂർണമായും കണ്ടെത്തുന്നതിന് വിശദമായ അന്വേഷണം ആവശ്യമാണെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബാങ്ക് കെട്ടിട നവീകരണത്തിന്റെ ഭാഗമായി പൊളിച്ച് ഒഴിവാക്കിയ ഏതാനും മര ഉരുപ്പടികൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലും പൊളിച്ച് ഒഴിവാക്കിയ എല്ലാ മരഉരുപ്പടികളുടെയും ഫർണിച്ചറുകളുടെയും സ്റ്റോക്കിൽ നടന്ന ക്രമക്കേട് കണ്ടെത്തി ഉറപ്പ് വരുത്തുന്നതിനും വിശദമായ അന്വേഷണം ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജോയിന്റ് രജിസ്ട്രാറുടെ ഭരണാനുമതി ഇല്ലാതെ ബാങ്ക് പൊതുഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങിയതിലും ഡ്രൈവർ നിയമനം, ബിസിനസ് എക്സിക്യൂട്ടീവ് തസ്തികയിൽ നടന്ന നിയമനം എന്നിവയിൽ നടന്ന ക്രമക്കേടുകളും, ഇവമൂലം ബാങ്കിന് സംഭവിച്ച നഷ്ടം കണ്ടെത്തുന്നതിനും വിശദ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബാങ്കിലെ ഇടപാടുകാരുടെയും അംഗങ്ങളുടെയും ബാങ്കിന്റെയും ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് മേൽ ക്രമക്കേടുകളെ സംബന്ധിച്ച് ഒരു വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

എഫ്.1043-ാം നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ ബിൽഡിംഗ് നവീകരണ പ്രവൃത്തിയുടെ മറവിൽ നടന്ന അഴിമതി, ബാങ്കിന്റെ പ്രവർത്തനത്തിലെ ഇതര ക്രമക്കേടുകൾ ഇവ സംബന്ധിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65(1)(എ) പ്രകാരം വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണം സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

FullSizeRender.jpg https://mail.google.com/_/scs/mail-static/_/js/k=gmail.main.en.dS...

-25-

P5/3

| | | |
|---|---|---|
| 1. | അന്വേഷണം നടത്തേണ്ട ബാങ്കിന്റെ പേര്, മേൽ വിലാസം | നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം ( എഫ്.1043, നിലമ്പൂർ - 679329. |
| 2. | അന്വേഷണം നടത്തുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര് | കെ. മുഹമ്മദലി, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പ |
| 3. | അന്വേഷണ കാലാവധി | ഉത്തരവ് തിയ്യതി മുതൽ 3 മാസം |
| 4. | അന്വേഷണ വിധേയമാക്കേണ്ട വിഷയങ്ങൾ | എ) കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ<br>ബി) ബാങ്കിന്റെ പഴയ കെട്ടിടം പൊളിച്ചതിലും ആയതിന്റെ ഉരുപ്പടികൾ കൈകാര്യം ചെയ്തതിലും ഫർണീച്ചറുകൾ സ്റ്റോക്കിലെ കുറവും/ക്രമക്കേടുകളും.<br>സി) ഇന്നോവ കാർ വാങ്ങിയതും ആയതി ഉപയോഗത്തിലും നടന്ന ക്രമക്കേടുകൾ.<br>ഡി) താൽകാലിക ഡ്രൈവർ, ബിസിനസ്സ് എക്സിക്യൂട്ടീ എന്നീ നിയമനങ്ങളിലെ ക്രമക്കേടുകൾ.<br>ഇ) അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെടുന്ന ഇ ക്രമക്കേടുകൾ. |
| 5. | അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ട തിയ്യതി | 19.03.2018 |
| 6. | അന്വേഷണവുമായി ബന്ധപ്പെട്ട ചെലവുകൾ | ബാങ്ക് വഹിക്കണം |

മേൽ അന്വേഷണം നിശ്ചിത സമയ പരിധിക്കകം നിർബന്ധമായും പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ (ജനറൽ)

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ

ശ്രീ. കെ. മുഹമ്മദാലി/അന്വേഷണ ഉദ്യോഗസ്ഥൻ
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, നിലമ്പൂർ.

പകർപ്പ്:

1. ചെയർമാൻ/ജനറൽമാനേജർ
   നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043
   നിലമ്പൂർ 679329, മലപ്പുറം (രജിസ്റ്റേർഡ് തപാൽ മടക്ക രശീതി സഹിതം)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജ) നിലമ്പൂർ.
3. സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
4. ജനറൽ മാനേജർ, മലപ്പുറം, ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം.
5. സർക്കിൾ സഹകരണ യൂണിയൻ, മഞ്ചേരി.
6. സ്റ്റോക്ക് ഫയൽ.
7. അധികം.

-26- Ext P6



മലപ്പുറം ജില്ലാ സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ നടപടികൾ
(ഹാജർ: ശ്രീ. കൃഷ്ണകുമാർ.വി.ബി, ജോയിന്റ് രജിസ്ട്രാർ (ജനറൽ))

നമ്പർ. സി.ആർക്സി. (1)8711/2015/K.Dis തീയതി: 22.02.2016

വിഷയം : നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1043 – ഹെഡ്ഡോഫീസ് കെട്ടിടം നവീകരിക്കുന്നതിന് പൊതു ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം : 1. ബാങ്ക് ഭരണസമിതിയുടെ 13.01.2015 ലെ 952(ഡി) നമ്പർ തീരുമാനം.
2. ബാങ്ക് ഭരണസമിതിയുടെ 19.01.2015 ലെ 606-ാം നമ്പർ തീരുമാനം.
3. ബാങ്ക് ഭരണസമിതിയുടെ 11.02.2016 ലെ 1316-ാം നമ്പർ തീരുമാനം.
4. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂരിന്റെ 23.09.2015ലെ 276/15/എൻ നമ്പർ കത്ത്.

നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043 ബാങ്കിന്റെ നിലമ്പൂർ ടൗണിലുള്ള ഹെഡ്ഡോഫീസ് കെട്ടിടം നവീകരിക്കുന്നതിന് കെട്ടിടഫണ്ടിൽ നിന്നും 51300000/- രൂപയും പൊതു ഫണ്ടിൽ നിന്നും 10700000/- രൂപയും വിനിയോഗിക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണസമിതി തീരുമാനമെടുത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ബാങ്കിന്റെ നിലവിലുള്ള കെട്ടിടത്തിൽ ബാങ്കിംഗ് പ്രവർത്തനത്തിനും, ഇടപാടുകാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവും, ആധുനിക ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യവും ഇല്ലാത്തതിനാൽ നിലവിലെ കെട്ടിടം പുതുക്കി പണിയുന്നത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ബാങ്ക് ഭരണസമിതി തീരുമാനം, പരാമർശം (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത വസ്തുതകൾ, ബാങ്കിന്റെ സാമ്പത്തിക നില എന്നിവ പരിഗണിച്ചും ബാങ്കിന്റെ ഉത്തമതാൽപര്യം കണക്കിലെടുത്തും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

<u>ഉത്തരവ്</u>

നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043 ന്റെ നിലവിലുള്ള കെട്ടിടം പുതുക്കി പണിത് നവീകരിക്കുന്നതിന് കെട്ടിട ഫണ്ടിൽ നിന്നും 5,13,00000/- രൂപയും, പൊതുഫണ്ടിൽ നിന്ന് 10700000/- രൂപയും വിനിയോഗിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടുകൂടി ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു.

1. **മേൽ പ്രവർത്തികൾ സംബന്ധിച്ച് പ്രചുരപ്രചാരമുള്ള രണ്ട് മലയാള ദിനപത്രങ്ങളിൽ പരസ്യം നൽകേണ്ടതും അംഗീകാരമുള്ള സ്ഥാപനം/കമ്പനികൾ/കോൺട്രാക്ടർ**

P6/2

2. നെഗോസിയേഷൻ നടത്തി ടെണ്ടർ ഉറപ്പിച്ചു നൽകുന്ന കോൺട്രാക്ടറുമായി മേൽ പ്രവർത്തികൾ സംബന്ധിച്ച് രീതിയായ കരാർ വ്യവസ്ഥയുണ്ടാക്കേണ്ടതാണ്.
3. സമർപ്പിക്കപ്പെട്ട പ്ലാനിൽ നിന്നും, എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവർത്തികൾ ഏൽപ്പിക്കാൻ പാടില്ലാത്തതും എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിക്കാൻ പാടില്ലാത്തതുമാണ്.
4. മേൽ പ്രവർത്തികൾ യോഗ്യരായ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതും ആയത് സംബന്ധിച്ച് കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതുമാണ്.
5. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റും പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്.
6. മേൽ പ്രവർത്തികൾ രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ (ജനറൽ)

//ഉത്തരവിൻ പ്രകാരം//

അസിസ്റ്റന്റ് രജിസ്ട്രാർ

ജനറൽ മാനേജർ,
നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043
നിലമ്പൂർ

പകർപ്പ്:
1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), നിലമ്പൂർ
2) കൺകറന്റ് ഓഡിറ്റർ, നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043
3) സ്റ്റോക്ക് ഫയൽ.

NILAMBUR
CO-OPERATIVE
URBAN BANK

PH: +91 4931 220142
FAX: +91 4931 224563
e-mail: mail@nilamburcub.com
www.nilamburcub.com

നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 1043

Ext P7

-28-

20/3/17

പ്രേഷകൻ

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).
മലപ്പുറം

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
നിലമ്പൂർ മുഖേനെ

സർ,

വിഷയം: ബാങ്കിന്റെറ പഴയ കെട്ടിടത്തിന്റെ ചുമരുകൾ പൊളിച്ചുമാറ്റിയപ്പോൾ അന്ന് ഉപയോഗിച്ചിരുന്ന ജനലുകളും വാതിൽ കട്ടിളകളും പരസ്യമായി ലേലം ചെയ്ത് വില്പന നടത്തുന്നതിന് മുൻകൂർ അനുമതിയക്കായുള്ള അപേക്ഷ.

******

ബാങ്കിന്റെ കെട്ടിടത്തിന്റെ പുതുക്കിപണിയുന്ന പ്രവർത്തി നടന്നുവരികയാണ്. പഴയ കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളിലെ പ്രവർത്തി ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. മേൽ പ്രവർത്തിയുടെ ഭാഗമായി പഴയ കെട്ടിടത്തിന്റെ ചുമരുകൾ പൊളിച്ചുമാറ്റിയപ്പോൾ അന്ന് ഉപയോഗിച്ചിരുന്ന ജനലുകളും വാതിൽ കട്ടിളകളും ഉപയോഗ ശൂന്യമായി ബാങ്കിൽ സൂക്ഷിച്ചിരിക്കുകയാണ്. ബാങ്കിൽ അത് സുരക്ഷിതമായി സൂക്ഷിക്കുവാൻ സൗകര്യമില്ലാത്തതിനാൽ വെയിലും മഴയും കൊണ്ട് അവ നശിക്കാനുള്ള സാധ്യതയുണ്ട്. മേൽ സാഹചര്യത്തിൽ അവ പരസ്യമായി ലേലം ചെയ്ത് വിൽക്കുകയാണ് അഭികാമ്യം എന്ന് ഭരണസമിതി വിലയിരുത്തി. അതുകൊണ്ട് ബാങ്കിന്റെ പഴയ കെട്ടിടത്തിൽ നിന്നും പൊളിച്ചുമാറ്റുന്ന ജനലുകളും വാതിൽ കട്ടിളകളും പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചു. ആയതിന് മുൻകൂർ അനുമതിക്കായി ബഹുമാനപ്പെട്ട മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോട് ഉചിതമാർഗ്ഗേനെ അപേക്ഷിക്കുവാനും തീരുമാനിച്ചു.

ആയതിന്റെറ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള മര ഉരുപ്പടികൾ പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിന് മുൻകൂർ അനുവാദം നൽകണമെന്ന് അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ,

ജനറൽ മാനേജർ

The Nilambur Co-op. Urban Bank Ltd. No. F. 1043 Nilambur 679 329

-29-

P2

# NILAMBUR CO-OPERATIVE URBAN BANK

PH: +91 4931 220142
FAX: +91 4931 224563
e-mail: mail@nilamburcub.com
www.nilamburcub.com

നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ് 1043

നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർമാരുടെ 13.03.2017 തിയ്യതിക്ക് ബാങ്കിന്റെ ഹെഡ്ഡാഫീസിൽ വെച്ച് ചെയർമാൻ ശ്രീ. ആര്യാടൻ ഷൗക്കത്തലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ ഹാജരും തീരുമാനങ്ങളും.

ഹാജർ:- 1. ചെയർമാൻ മുതൽ 11 പേർ.

തീരുമാനം നമ്പർ: 735

| | |
|---|---|
| ബാങ്കിന്റെ പഴയ കെട്ടിടത്തിൽ നിന്നും പൊളിച്ചുമാറ്റുന്ന ജനലുകളും വാതിൽ കട്ടിലകളും പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് | ബാങ്കിന്റെ കെട്ടിടത്തിന്റെ പുതുക്കി പണിയുന്ന പ്രവർത്തി നടന്നുവരിക യാണ്. പഴയ കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളിലെ പ്രവർത്തി ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. മേൽ പ്രവർത്തിയുടെ ഭാഗമായി പഴയ കെട്ടിടത്തിന്റെ ചുമരുകൾ പൊളിച്ചു മാറ്റിയപ്പോൾ അന്ന് ഉപയോഗിച്ചിരുന്ന ജനലുകളും വാതിൽ കട്ടിലകളും ഉപയോഗശൂന്യമായി ബാങ്കിൽ സൂക്ഷിച്ചിരിക്കുകയാണ്. ബാങ്കിൽ അത് സുരക്ഷിതമായി സൂക്ഷിക്കുവാൻ സൗകര്യമില്ലാത്ത തിനാൽ വെയിലും മഴയും കൊണ്ട് അവ നശിക്കാനുള്ള സാധ്യതയുണ്ട്. മേൽ സാഹചര്യത്തിൽ അവ പരസ്യമായി ലേലം ചെയ്ത് വിൽക്കുകയാണ് അഭികാമ്യം എന്ന് ഭരണസമിതി വിലയിരുത്തി. അതുകൊണ്ട് ബാങ്കിന്റെ പഴയ കെട്ടിടത്തിൽ നിന്നും പൊളിച്ചു മാറ്റുന്ന ജനലുകളും വാതിൽ കട്ടിലകളും പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചു. ആയതിന് മുൻകൂർ അനുമതിക്കായി ബഹുമാനപ്പെട്ട മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോട് ഉചിത മാർഗ്ഗേനെ അപേക്ഷിക്കുവാനും തീരു മാനിച്ചു. |

\\True Copy\\

ഡയറക്ടർ

ചെയർമാൻ

The Nilambur Co-op. Urban Bank Ltd. No. F. 1043 Nilambur 679 329

ഡയറക്ടർ

ജനറൽ മാനേജർ

-30-

Ext P8

RLAD NILAMBUR NDG (679329)
RLAD A RL080801878518
Counter No:1,OP-Code:2
To:JT REGIONAL OF CO OP,SOCIETIES
Malappuram Civil Station, PIN:676505
From:THE NCUB , HO, NILAMBUR
Wt:26grams,
Amt:30.00 ,23/01/2018 ,14:04
<<Track on www.indiapost.gov.in>>

# NILAMBUR CO-OPERATIVE URBAN BANK

Ncub/JRG./Co.Ltr/05(01)/2017-2018/dated 22nd January 2018.

To
The Joint Registrar of Co-operative Societies(General),
Office of the Joint Registrar of co-operative Societies (General),
Malappuram.

Sir,

Ref : 1. Your order No.CRB 2237/2016 dated 19.12.2017.
2. Our Board Resolution No.606 dated 22.01.2018.

By the above referred order which was communicated to the General Manager of the Bank we understand an enquiry under Section 65(1) of the Co-operative Societies Act is decided to be initiated against the bank. We understand from the Order that you have invoking Section 65(1)(a) of the Co-operative Societies Act to order an enquiry. We may in this regard bring to your notice that purportedly pursuant to the enquiry reports submitted by the Assistant Registrar you have issued notice to the Bank requiring it to explain the issues raised your notice. Detailed reply was given explaining each and every issues raised. We were under the bonafide belief that the reply given has been accepted and the whole issue stood closed. Now our surprise you have issued the order referred to above to conduct a fresh enquiry. We may respectfully bring to your notice that the allegations raised are totally false and in the reply submitted we had already explained these matters.

Be that as it may, if there are financial irregularities, misappropriation or acts of corruption they come under Section 68 A of the Co-operative Societies Act and authority under the Act is the Vigilance Officer who again can act only on the direction of the Registrar of Co-Operative Society. Joint Registrar of Co-operative Society is not entitled to invoke power under Section 68 A of the Act. Moreover if there is financial irregularities or more is a matter which can be ascertained only after an audit in accordance with the provisions of the Co-operative Societies Act are conducted. As your goodself is aware Nilambur Co-operative Urban Bank is a banking institution which is controlled and regulated by the Reserve Bank of India in accordance with the provisions the Banking Regulation Act and Reserve Bank of India Act. It is a licensed banking institution. Irregularities alleged in your order pertained to matters which come within the purview of the Banking Regulation Act. For matters covered by the provisions of the Banking Regulation Act, exercise of power under the provisions of the Co-operative Societies Act stands excluded.

We may also bring to your kind notice that the order issued under Section 65 (1) (a) suffers from a very serious infirmity. We were called to submit explanation to your notice. Detailed reply was given without even considering the explanations given, you rushed to pass the order of enquiry under Section 65. We cannot be faulted if we suspect some foul play in issuing the order. The submissions made above need not be understood as an attempt to thwart any enquiry by a competent authority. If you were to consider the explanations given, the issuance of the order referred to above would have been unnecessary. This in turn would have saved the avoidable financial burden to the Nilambur Co-operative Urban Bank and also valuable time and effort for all concerned.

The Nilambur Co-op Urban Bank Ltd. No. F. 1043 Nilambur 679 329

-32-  P8/3

We therefore request you to consider

1. Consider the explanations submitted by us to the notice dated 11.07.2017.

2. Examined the question whether on the issues alleged in your order you have exercised power under section 65(1)(a) of the Act. As submitted these are matters that would squarely fall under clause 65(1)(b) or (c). With rregard to matters coming under Section 65(1)(b) proceedings can be initiated only under Section 68 A. With regard to matters coming under clause (c) proceedings have to be completed under Section 63 of the Act.

3. In view of part V of banking Regulations Act and in view of provisions like Section 35 and 36 AA of the Banking Regulations Act is it permissible for you to conduct an enquiry with regard to matters coming within the purview of the Banking regulations Act.

If these issues are considered, we are sure you will pass appropriate orders dropping further proceedings on the basis of the order referred to above. We therefore request you to look into the matter before proceedings further on the basis of your order referred to above.

Thanking You.

For The Nilambur Co-operative
Urban Bank Ltd. No: F.1043

General Manager

General Manager

അനുബന്ധം - III

P 1...

BEFORE THE HON'BLE HIGH COURT OF KERALA AT ERNAKULAM

W.P. (C) NO. 5025 OF 2018

Nilambur Co operative Urban Bank No.F-1043, Nilambur & others : Petitioners

Vs.

The Joint Registrar of Co-operative Societies (General), Malappuram and another : Respondents

**COUNTER AFFIDAVIT FILED BY THE FIRST RESPONDENT IN THE ABOVE CASE**

I, M.T.Devasia, aged 55 years, S/o.Thomas Mathai, residing at Malappuram, do hereby solemnly affirm and state as follows:

1. I am the Joint Registrar of Co-operative Societies (General), Malappuram and the 1st respondent in the above Writ Petition. I am conversant with the facts of the case as disclosed from the relevant files. All the allegations and averments contained in the Writ Petition except those that are specifically admitted hereunder are denied.

2. The above Writ Petition is filed by the petitioner for a Writ of certiorari to quash Exhibit P5 and also praying for a declaration that the Co-operative Societies which are Banking Institutions for the purpose of Banking Regulations Act, 1949 are outside the purview of Section 65 of the Co-operative Societies Act and therefore the 1st respondent is incompetent to issue Exhibit P5 and also other consequential reliefs.

3. It is submitted that the 1st Petitioner Nilambur Co-operative Urban Bank Ltd. No. F 1043 is a Primary Urban Co-operative Bank registered under the Kerala Co-operative Societies Act 1969. The working, constitution and functioning of the 1st Petitioner bank is regulated by the Provisions of the Banking Regulation Act as well as Kerala Co-operative Societies Act. The Reserve Bank of India had issued license to carry on banking business as per Section 56(o) of Banking Regulation Act, 1949 to the 1st petitioner on 3rd December, 1986.

4. It is submitted that the 1st Petitioner is doing banking business within the purview of the Banking Regulation Act, 1949. Section 56 contained in Part V of the Banking Regulation Act extends the application of this Act to Co-operative Societies which are engaged in banking business. The 1st petitioner bank has to function in accordance with the directions as prescribed in the Kerala Co-operative Societies Act, 1969 and the circular directions of the Registrar of Co-operative societies. It is submitted that the inspection mentioned under Section 66(1) of the Kerala Co-operative Societies Act has not excluded any of the Urban Co-operative banks within its ambit. Section 35 of the Banking Regulation Act provides for inspection of the affairs of the banking institution by the RBI or officers appointed by the RBI for the purpose. By virtue of the Section 4A of Banking Regulation Act, if it is found necessary or expedient so to do, supply a copy of the report on any inspection or scrutiny to the State Co-operative Bank and the Registrar of Co-operative societies of the State. It does not mean that the legal steps initiated by the co-operative department under which the 1st Petitioner bank is registered had to escape from any action which found inevitable by this Respondent.

5. It is submitted that the report of irregularities were

first brought to the notice of the Hon'ble Home Minister through a written complaint lodged by one of the members of 1st Petitioner Bank on 22nd February 2016. A true copy of the written complaint dated 22.02.2016 by one of the members of 1st Petitioner Bank to the Home Minister is produced herewith and marked as Exhibit R1 (a). The said complaint was forwarded to the Registrar of Co-operative Societies for enquiry and consequently the same was forwarded to the respondent for enquiry. Follow up action was initiated by this Respondent by way of deputing Unit Inspector, Nilambur to conduct a preliminary enquiry and the report was submitted on 04.06.2016. A true copy of the preliminary enquiry report is produced herewith and marked as Exhibit R1(b).

6. It is submitted that on enquiry, it was revealed that the building construction was commenced before getting permission from this respondent and the costly Furniture, wooden doors and panes, window doors and panes etc. of demolished building were also replaced for disposal without the permission of Registrar as envisaged in the Rule 54(2) of Kerala Co-operative Societies Act, 1969. As per Circular No. 55/2003 permission from the Registrar of Co-operative Societies is required before purchasing any vehicle by a co-operative society and as the rule is so an Innova Car was purchased for Rs.15,51,984/- without the prior permission of the Registrar of Co-operative Societies.

7. There were two posts of drivers as per the approved staff pattern but one additional driver was appointed without any approval from Registrar and another appointment was also done in the post of Business executive. The post of Business executive was not included anywhere in the Staff Pattern as detailed in Rule 185, Kerala Co-operative Societies Act.

8. It is submitted that as per the guidelines issued through Circular No. 25/2007 dated 04.04.2007 by the Registrar of Co-operative Societies, any irregularities pertaining to any of the co-operative societies in the state were reported through any of the medias including newspapers should be brought to the notice of the Registrar of Co-operative Societies as and when it appeared and conduct an inquiry in this regard by the Assistant Registrar or Joint Registrar concerned. It was an allegation raised by one of the members regarding irregularities in the construction of 1st Petitioner bank's building and also on the unauthorized outward movement of the materials obtained on the demolition of the existing building. The action admissible in the Kerala Co operative Societies Act to enable an official to conduct an inspection was the only movement preferred by this Respondent at this juncture.

9. It is submitted that any co-operative society registered under the Kerala Co-operative Societies Act & Rules 1969 are under the control of Registrar of Co-operative Societies of the State of Kerala. This respondent holding certain delegated power under Section 3(2) of Kerala Co- operative Societies Act 1969 is responsible to respond on any complaint raised by any member of a society. To materialize this fact this respondent had issued inquiry under Section 65(1) (a) of Kerala Co-operative Societies Act, 1969. It is true that the 1st petitioner bank is a banking institution and it has to function as per Banking Regulation Act 1949. Even if it works so the rules and regulations which is applicable to a co operative institution as prevailed in the Kerala Co-operative Societies Act 1969 is not to be spared in any manner being a society registered under the said Act.

10. It is submitted that the Exhibit P5 order for an enquiry under Section 65 (1) (a) of Kerala Co-operative Societies Act 1969 covers various issues pertaining to certain irregularities on (a) construction of building (b) sale of material obtained on the demolition of existing building (c) Purchase of Innova Car and its usage and (d) appointment of driver and business executive. It was issued only after conducting a preliminary inspection through Assistant Registrar (General) Nilambur. Pursuant to the report of that Taluk Level Officer a reply was sought from the 1st petitioner and when this Respondent went through the report, it was found that the compliance submitted was not satisfactory to avoid further action.

11. It was found in the preliminary inquiry that the construction of building was commenced before the formal clearance from the Department of Co-operation as contemplated in Rules 54 and 180 of Kerala Co-operative Societies Rule and also in various circulars issued by Registrar of co operative societies. Publication of advertisement for inviting Tender was made only in one news paper instead of two as prescribed by law and also by this Respondent in the preliminary sanction order which is marked as Exhibit P6. The expense incurred for the construction of the building was 6.20 crores. In the formal order of permission it was accorded sanction to utilize an amount to a tune of Rs.1.07 crores from the general fund and 5.43 crores from building fund of the 1st petitioner bank. No completion certificate from the authorized contractor was obtained and submitted even after two years of completion. The allotment of contract to one CI Construction, Ernakulam was made after an unhealthy negotiation in which an amount near to 75 lakh was reduced at first instance.

12. It is true that the windowpanes, Door frames etc of

the demolished building of the 1st Petitioner bank were made with Teak wood. As the teak wood furniture are costly in the open market, the 1st Petitioner bank not considering its monetary value removed from the bank premises without even considering for any auction sale and also kept off the Rule 54(2) of Kerala Co-operative Societies Rules conditions.

13. It is submitted that as soon as a new Innova car was purchased, a new appointment was made to the post of driver without any permission from the Registrar of Co-operative Societies. When go through the log book of vehicles the purpose mentioned in the log book maintained for Innova car shows that the vehicle was used for unnecessary trips and no detailed reason for each trips were also not mentioned. Vehicle used by the Chairman without mentioning the purpose of travelling was 22,826 Km as per log book. Report of Assistant Registrar dated 04.06.2016 clearly mentioned these irregularities. Four Tyres of the vehicle were changed within a span of seven months, which shows the gravity of the damage caused to the Tyres. A true copy of the report of Assistant Registrar dated 04.06.2016 is produced herewith and marked as <u>Exhibit R1 (c).</u> The conditions prescribed for running a vehicle by a co-operative society is detailed in GO (MS) 113/2003/Fin dated 24.02.2003.

14. It is submitted that another provisional appointment was also made by the 1st petitioner in the post of Business Executive as per the resolution dated 06.07.2015 without the prior approval of this Respondent. The staff pattern of the petitioner bank as approved by the Registrar had no such post in any of the categories. All these irregularities were pointed in Audit Report from the year 2014-2015 onwards. A true copy of the relevant pages of the Audit Report for the year 2014 -2015 is produced herewith and marked as **Exhibit R1(d).**

It is further submitted that the petitioners have not raised any valid grounds in support of the prayers in the Writ petition, and therefore, it is humbly prayed that this Hon'ble High Court may be pleased to uphold the contentions of the respondent and dismiss the Writ petition with costs.

All the facts stated above are true to the best of my knowledge, belief and information.

Dated this the 9th day of March, 2018

DEPONENT

Solemnly affirmed and signed before me by the deponent whom I know on this the 9th day of March, 2018 at the office of the Joint Registrar of Co-operative Societies (General), Malappuram.

SUBAIDA. M
Deputy Registrar (administration)
Office of the Joint Registrar of
Co-operative Societies (General)
MALAPPURAM

**K.S. MOHAMAD HASHIM**
**SPL.GOVERNMENT PLEADER (Co-op).**

Rmf/07.03.18

BEFORE THE HON'BLE HIGH COURT OF KERALA AT ERNAKULAM

W.P. (C) NO. 5025 OF 2018

Nilambur Co-operative Urban Bank No.F-1043, Nilambur & others : Petitioners

Vs.

The Joint Registrar of Co-operative Societies (General), Malappuram and another : Respondents

**COUNTER AFFIDAVIT FILED BY THE FIRST RESPONDENT IN THE ABOVE CASE**

K.S. MOHAMAD HASHIM
SPL.GOVERNMENT PLEADER (Co-op)

**BEFORE THE HON'BLE HIGH COURT OF KERALA AT ERNAKULAM**

**W.P. (C) NO. 5025 OF 2018**

Nilambur Co-operative Urban Bank
No.F-1043, Nilambur & others : Petitioners

**Vs.**

The Joint Registrar of Co-operative
Societies (General), Malappuram
and another : Respondents

**INDEX**

| Sl.No. | Particulars | Page Nos. |
| --- | --- | --- |
| 1. | Counter affidavit filed by the 1st respondent | 1 - 7 |
| 2. | **Exhibit R1(a) :** A true copy of the written complaint dated 22.02.2016 by one of the members of 1st Petitioner Bank to the Home Minister. | |
| 3. | **Exhibit R1(b) :** A true copy of the preliminary enquiry report. | |
| 4. | **Exhibit R1(c) :** A true copy of the report of Assistant Registrar dated 04.06.2016. | |
| 5. | **Exhibit R1(d):** A true copy of the relevant pages of the Audit Report for the year 2014 -2015. | |

Dated this the day of March, 2018

K.S. MOHAMAD HASHIM
SPL.GOVERNMENT PLEADER (Co-op)

APPENDIX

Respondent's Exhibits :-

**Exhibit R1(a) :** A true copy of the written complaint dated 22.02.2016 by one of the members of 1st Petitioner Bank to the Home Minister.

**Exhibit R1(b) :** A true copy of the preliminary enquiry report.

**Exhibit R1(c) :** A true copy of the report of Assistant Registrar dated 04.06.2016.

**Exhibit R1(d):** A true copy of the relevant pages of the Audit Report for the year 2014 -2015.

From

2237

4204/ /2016/M(Home & Vig) Minister (Co-op, K & VI)

May kindly see.

2/3/16

C.G.UNNI
Choorakkattil House
Akambadam, Eranhimangad P.O.
Nilambur Via.
Malappuram Dist.- 679 329
Mob: 9526984444, 9497447781

No. 1928 /2016/M(Co-op)

To,

ബഹു. ആഭ്യന്തര മന്ത്രി
ഗവ: സെക്രട്ടറിയേറ്റ് – കേരള
തിരുവനന്തപുരം

Respected Sir,

വിഷയം : സഹകരണ സ്ഥാപനം നവീകരണത്തിന്റെ മറവിൽ അഞ്ചുകോടിയോളം രൂപ അഴിമതി നടത്തിയതു സംബന്ധിച്ച്.

സൂചന : നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് ഹെഡ്ഓഫീസ് കെട്ടിട നവീകരണത്തിനായി 6 കോടി 85 ലക്ഷം രൂപ ചെലവഴിച്ചതിലെ ക്രമക്കേടുകളും അഴിമതിയും അന്വേഷണം ആവശ്യപ്പെടുന്ന ഹർജി.

1939-ൽ നിലമ്പൂർ കോവിലകത്തെ മാനവേദൻ തിരുമുൽപ്പാട് 5 മെമ്പർമാരുമായി 500 രൂപ മുലധനംകൊണ്ട് പ്രവർത്തനമാരംഭിച്ച നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് ഇന്ന് 29,719 മെമ്പർമാരും 685 കോടി ആസ്തിയും മെയിൻ ബ്രാഞ്ച് അടക്കം 23 ബ്രാഞ്ചുകളുമായി പ്രവർത്തിച്ചുവരികയാണ്.

2013ൽ ശ്രീമാൻ ആര്യാടൻ ഷൗക്കത്ത് ഈ സഹകരണ ബാങ്കിന്റെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. ബാങ്കിന്റെ മൊത്തം ആസ്തിയായ 685 കോടി രൂപയുടെ ഒരു ശതമാനം നവീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമെന്ന് ചട്ടം നിലവിലുണ്ട്. ഈ ചട്ടം മറയാക്കി 6 കോടി 85 ലക്ഷം രൂപക്ക് നിലമ്പൂർ ടൗണിലുള്ള ഹെഡ് ഓഫീസ് കെട്ടിട നവീകരണത്തിനായി മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് അംഗീകാരത്തിനായി അപേക്ഷ നല്കി എങ്കിലും ഇത്രയും ഭീമമായ തുക ഭൂമി വാങ്ങാനോ പുതിയ കെട്ടിടം നിർമ്മിക്കാനോ അല്ലാ

Cont...2

ത്തതുകൊണ്ടും കേവലം നിലവിലുള്ള കോൺക്രീറ്റ് ഫില്ലറുകൾ നിലനിർത്തി നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടത് ആവശ്യമില്ല എന്ന നിഗമനത്തിൽ അംഗീകാരം നല്കിയില്ല. എന്നാൽ ചെയർമാൻ തന്റെ പിതാവായ മന്ത്രിയുടെ സ്വാധീനത്തിൽ സംസ്ഥാന രജിസ്ട്രാറെകൊണ്ട് അംഗീകാരം നേടിയെടുക്കുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഇ-ടെണ്ടർ വ്യവസ്ഥ ലംഘിച്ച് 4 പേരിൽ നിന്നായി ക്വട്ടേഷൻ സ്വീകരിച്ച് മേൽപറഞ്ഞ തുക കൃത്യമായി രേഖപ്പെടുത്തുന്ന രീതിയിൽ രേഖകൾ സൃഷ്ടിച്ചുണ്ടാക്കി പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ നിലവിൽ ബാങ്ക് കെട്ടിടത്തിലുണ്ടായിരുന്ന ലോക പ്രശസ്തമായ നിലമ്പൂർ തേക്കിൽ നിർമ്മിച്ച ഫർണിച്ചറുകളും മറ്റും കടത്തിക്കൊണ്ടുപോവുന്നത് ശ്രദ്ധയിൽപ്പെട്ട ബാങ്ക് ജീവനക്കാർ തടസ്സപ്പെടുത്തുകയും ആ സമയം കരാറുകാരൻ കൈവശമുള്ള രേഖയിൽ കരാർ വ്യവസ്ഥപ്രകാരം നവീകരണ വേളയിൽ എടുക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലക്ഷങ്ങളുടെ ഫർണിച്ചറുകൾ കടത്തിക്കൊണ്ടുപോയി. എന്നാൽ ജീവനക്കാർ പറയുന്നു ഇതിൽ വ്യക്തമായ ചട്ടലംഘനമുണ്ട്. ലേലം ചെയ്യാതെ പഴയ സാധനങ്ങൾ വിൽക്കാൻ പാടില്ലാത്തതാണ് എന്ന് ചൂണ്ടിക്കാണിക്കുന്നു.

6 കോടി 85 ലക്ഷം രൂപ ചെലവഴിച്ചതായി രേഖയുണ്ടാക്കി കേവലം ഒരു കോടി പോലും നവീകരണത്തിനായി ചെലവഴിക്കാതെ സർക്കാറിനെയും ജനങ്ങളെയും പറ്റിച്ചിരിക്കുകയാണ്. പ്രഥമദൃഷ്ടിയാൽ തന്നെ ആർക്കും ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ബന്ധപ്പെട്ടവരുടെ രാഷ്ട്രീയ സാമ്പത്തിക സ്വാധീനം ഉപയോഗിച്ച് അപായപ്പെടുത്തുമോ എന്ന ഭയംകൊണ്ടാണ് ആരും പരാതിയുമായി ഇവർക്കെതിരെ രംഗത്തുവരാത്തത്. കുറഞ്ഞത് 5 കോടി രൂപയെങ്കിലും കെട്ടിടനവീകരണം മറയാക്കി ഷൗക്കത്തും സംഘവും തട്ടിയെടുത്തിട്ടുണ്ട്.

നിലമ്പൂർ മുനിസിപ്പൽ ചെയർമാൻ സ്ഥാനം 5½ മാസങ്ങൾക്കുമുമ്പ് ഒഴിവായതിനെതുടർന്ന് ബാങ്ക് ചെയർമാന്റെ സ്വാധീനമുപയോഗിച്ച് 22 ലക്ഷം രൂപ ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങുകയും പേഴ്സണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിക്കുകയും ചെയ്തതും ധൂർത്താണെന്ന് ആരോപണം ഉണ്ട്. ബാങ്കിന്റെ ആവശ്യങ്ങൾക്കായി ഒരു ബൊലേറൊ കാറും സ്ഥിരം ഡ്രൈവറും ബാങ്കിന് നിലവിലുണ്ട്. അതോടൊപ്പം അനീഷ് കരുളായി എന്ന പേരിലറിയപ്പെടുന്ന വിദ്യാർത്ഥി യൂണിയൻ ജില്ലാ നേതാവിന് ലോൺ കാൻവാസ്

Cont...3

കോഡിനേറ്റർ എന്ന സ്പെഷ്യൽ തസ്തിക ഉണ്ടാക്കി 15,000 രൂപ പ്രതിമാസ ശമ്പളവും കമ്മീഷനും നല്കി നിയമിച്ചിരിക്കുകയാണ്. ന്യു ജനറേഷൻ ബാങ്കുകളെ പോലെ പ്രാഥമിക സഹകരണ സംഘങ്ങൾ ഇത്തരം നിയമനങ്ങൾ നടത്താറില്ല. ഇതും അഴിമതി നടത്തുന്നതിന് ഇഷ്ടക്കാരെ വാഴിച്ചിരിക്കുകയാണ്. 5½ മാസത്തെ ഉപയോഗം കൊണ്ട് പുതിയ കാറിന്റെ ടയറുകൾ മാറ്റി വാങ്ങിയ വകയിൽ 49,000രൂപ ബില്ലെഴുതി ചെയർമാൻ കരസ്ഥമാക്കിയിട്ടുണ്ട്. ബാങ്ക് ആവശ്യങ്ങൾക്കൊന്നുംതന്നെ പ്രസ്തുത വാഹനം ഉപയോഗിക്കുന്നില്ലെന്നും ചെയർമാന്റെ സ്വകാര്യാ ആവശ്യങ്ങൾക്ക് രാഷ്ട്രീയ സേവനത്തിനും മാത്രമാണ് നാളിതുവരെ ഓടിയതെന്നും ആക്ഷേപമുയർന്നിട്ടുണ്ട്.

പൊതുപ്രവർത്തകനായ ഞാനും കുടുംബവും പ്രസ്തുത ബാങ്കിൽ അംഗങ്ങളാണ്. ഭരണസമിതിയുടെ നിലപാടിൽ പരാതിയും സങ്കടവുമുണ്ട്.

സർക്കാറിനെയും ജനങ്ങളെയും പറ്റിച്ച് നവീകരണം മറയാക്കി കോടികളുടെ പൊതുമുതൽ അനധികൃമായി സ്വന്തമാക്കിയ ചെയർമാനും സംഘത്തിനുമെതിരെ അന്വേഷണം നടത്തി മേൽ നടപടികൾ കൈക്കൊള്ളണമെന്ന് ഇതിനാൽ അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം

(സി.ജി.ഉണ്ണി)

നിലമ്പൂർ
22.02.2016

# പരിശോധനാ റിപ്പോർട്ട്.

| | | |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | : | എം.റ്റി. ദേവസ്യ<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം. |
| തിയ്യതി | : | 18.12.2017. |
| സഹകരണ സ്ഥാപനത്തിന്റെ പേര് | : | നിലമ്പൂർ സഹകരണ അർബൺ ബാങ്ക്<br>ക്ലിപ്തം നമ്പർ എഫ്. 1043. |

എഫ്. 1043-ാം നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ ആരോപിച്ച് ബാങ്ക് മെമ്പർ ശ്രീ. സി.ജി. ഉണ്ണി താഴെ പറയുന്ന ആരോപണങ്ങൾ ഉന്നയിച്ചു.

1) നിലമ്പൂർ സഹകരണ അർബൺ ബാങ്കിന്റെ ഉടമസ്ഥതയിൽ നിലവിലുള്ള ഹെഡ് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികളുടെ മറവിൽ കോടികളുടെ അഴിമതി ചെയർമാൻ നടത്തുന്നു.
2) ബാങ്കിൽ ബൊലേറോ ജീപ്പ് ഉണ്ടായിരിക്കെ 22 ലക്ഷം രൂപ ചെലവഴിച്ച് ഇന്നോവ കാർ വാങ്ങി, സ്വകാര്യ ഡ്രൈവറെ നിയമിച്ച് സ്വകാര്യ രാഷ്ട്രീയ ആവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുന്നു.
3) ജില്ലാ നേതാവിനു വേണ്ടി ലോൺ ക്യാൻവാസ് കോഡിനേറ്റർ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി 15000/- രൂപ പ്രതിമാസം നൽകുന്നു.
4) ഇന്നോവ കാറിന്റെ അഞ്ചര മാസത്തെ അമിത ഉപയോഗം , ഇന്നോവ കാറിന്റെ 4 ടയറുകളും മാറ്റി.

മേൽ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിലമ്പൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർക്ക് നൽകുകയും ആയതിൻമേൽ നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ പ്രാഥമിക പരിശോധന നടത്തി 04.06.2016 ന് പ്രാഥമിക റിപ്പോർട്ടും തുടർന്ന് 04.06.2016, 04.05.2017 എന്നീ തിയ്യതികളിലായി അസിസ്റ്റന്റ് രജിസ്ട്രാർ സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിൻമേൽ ബാങ്ക് ഭരണ സമിതിയിൽ നിന്നും വിശദീകരണം തേടുകയും ആയതിൻ പ്രകാരം 21.08.2017 തിയ്യതിയിലെ 290-ാം നമ്പർ ബാങ്ക് ഭരണ സമിതി സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ സഹകരണ അർബൺ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നവീകരണ പ്രവർത്തനവും ബന്ധപ്പെട്ട രേഖകളും 18.12.2016 ന് രാവിലെ നേരിൽ പരിശോധിക്കുകയും ചെയ്തു.

## കെട്ടിട നവീകരണ പ്രവൃത്തികൾ.

ബാങ്കിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ ടൗണിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന രണ്ടു നില ബാങ്ക് ഹെഡ് ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ഭരണ സമിതി തീരുമാനിച്ചതിന്റെ ഭാഗമായി BIRD & TSWC എന്ന സ്ഥാപനം തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും ഭരണ സമിതി അംഗീകരിച്ച് തുടർന്ന് 17.10.2014 തിയ്യതിയിലെ മലയാള മനോരമ ദിന പത്രത്തിൽ കരാറുകാരിൽ നിന്നും ടി നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് പ്രീ ക്വാളിഫിക്കേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തി. പ്രീ ക്വാളിഫൈ ചെയ്ത കരാറുകാരിൽ നിന്നും മൂന്നു ടെണ്ടറുകൾ ലഭിച്ചു.

പി. അഹമ്മത് കുട്ടി ക്വാട്ട് ചെയ്ത തുക 6.65 കോടി

സി.ഐ. കൺസ്ട്രക്ഷൻ എറണാകുളം – 6.96 കോടി

ഫോറം കോൺട്രക്ഷൻ കോഴിക്കോട് – 7.6 കോടി

ടി കരാറുകാരുമായി 09.01.2015 ന് നെഗോസിയേഷൻ നടത്തി, ഏറ്റവും കുറഞ്ഞ തുക നെഗോസിയേഷനിൽ സമ്മതിച്ച സി.ഐ. കൺസ്ട്രക്ഷൻ ബ്രഹ്മപുരം എറണാകുളം എന്ന സ്ഥാപനത്തിന് 6.2 കോടി രൂപയ്ക്ക് നിർമ്മാണ പ്രവൃത്തികളുടെ കരാർ ഉറപ്പിച്ചു. 19.01.2015 ന് ഇതു സംബന്ധിച്ച നിർമ്മാണ കരാർ ബാങ്കും സി.എ കൺട്രക്ഷൻ എന്ന സ്ഥാപനവുമായി ഏർപ്പെട്ടു. ബാങ്ക് ഭരണ സമിതി 13.01.2015 തിയ്യതിയിലെ 592 (ഡി) നമ്പർ തീരുമാന പ്രകാരമാണ് ടി നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് 6.2 കോടി വിനിയോഗിക്കുന്നതിന് അനുമതിക്കായി ബാങ്ക് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്.

### ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ

1. കെട്ടിട നവീകരണ എസ്റ്റിമേറ്റ് തുക 6.2 കോടി രൂപയാണ്. ഇത്രയും വലിയ തുക ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾ നടത്തുമ്പോൾ ആയതിന്റെ ആരോഗ്യകരമായ നെഗോസിയേഷന്, വ്യാപകമായ പരസ്യം, ഇ- ടെണ്ടർ അടക്കം ബാങ്ക് നൽകേണ്ടിയിരുന്നു. അതു നൽകുകയുണ്ടായില്ല. മലയാള മനോരമ ദിനപത്രത്തിൽ മാത്രമാണ് കരാറുകാരിൽ നിന്നുമുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളത്.
2. സി.ഐ കൺസ്ട്രക്ഷൻ ടി നിർമ്മാണ പ്രവൃത്തിയുമായി ടെണ്ടർ സമർപ്പിച്ചിരുന്നത് 6.96 കോടി രൂപയുടെതായിരുന്നു. തുടർന്ന് നെഗോസിയേഷനിൽ 76 ലക്ഷം രൂപ കുറച്ച് 6.20

കോടിക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. ഇത്രയും തുക കുറവ് ചെയ്തത്, ബാങ്കിന്റെ കെട്ടിട നവീകരണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും സി.ഐ. കൺസ്ട്രക്ഷൻ തയ്യാറാക്കി ക്വാട്ട് ചെയ്ത ടെണ്ടർ തുകയുടെയും നിജസ്ഥിതി, ചോദ്യം ചെയ്യുന്നു. ആയത് സംബന്ധിച്ച് കൂടുതൽ സാങ്കേതിക വിദഗ്ധന്റെ പരിശോധന ആവശ്യമാണ്.

3. 1969 ലെ കേരള സഹകരണ സംഘം നിയമം ചട്ടം 54 പ്രകാരം ബാങ്കിന്റെ ഫണ്ട് കെട്ടിട നവീകരണ പ്രവൃത്തനത്തിന് വിനിയോഗിക്കുന്നതിന് മുമ്പ് രജിസ്ട്രാറുടെ രേഖാമൂലമുള്ള അനുമതി വാങ്ങണം. എന്നാൽ ജോയിന്റ് രജിസ്ട്രാറിൽ നിന്നും അനുമതി ലഭിക്കുന്നത് 02.02.2016 തിയ്യതിക്കാണ്. ടി തിയ്യതിക്കു മുമ്പുതന്നെ ബാങ്ക് ടി നിർമ്മാണ പ്രവൃത്തിക്ക് 2.49 കോടി രൂപ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ചു. ഇത് കേരള സഹകരണ സംഘം നിയമം റൂൾ 54 ന്റെ ചട്ട ലംഘനമാണ്.

4. 19.01.2015 ന് ബാങ്കും, കരാർ എടുത്ത സി.എ. കൺസ്ട്രക്ഷനുമായുണ്ടാക്കിയ കരാർ അനുസരിച്ച് 05.02.2015 ന് ആരംഭിച്ച നവീകരണ പ്രവൃത്തി 31.01.2017 നകം പൂർത്തീകരിക്കണം. പരിശോധന നടക്കുന്ന 18.12.2017 ന് പണി ഏതാണ്ട് 80 % മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. എന്നാൽ നിർമ്മാണ കരാർ തുകയായി 6.2 കോടി രൂപയിൽ 5.5 കോടി രൂപയും ടി തിയ്യതിക്ക് കരാറുകാർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.

5. നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ഗുണമേന്മ, ഇവയുടെ സാങ്കേതിക മികവ് ഇവ പ്രഥമ ദൃഷ്ട്യ ബോധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് കെട്ടിട നിർമ്മാണ രംഗത്തെ ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം ഉപയോഗിച്ചുള്ള പരിശോധന ആവശ്യമാണെന്ന് കാണുന്നു.

ടി കെട്ടിട നവീകരണ പ്രവൃത്തനങ്ങളിലെ മേൽ ക്രമക്കേടുകൾ വിശദ പരിശോധനയിൽ കൂടി മാത്രമേ കണ്ടെത്തുന്നതിന് സാധിക്കൂ.

<u>ബാങ്കിന്റെ പഴയ കെട്ടിടത്തിലെ മര ഉരുപ്പടികൾ</u>

കെട്ടിട നവീകരണ ഭാഗമായി, കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചു. പൊളിച്ച കെട്ടിട ഭാഗത്തെ മര ഉരുപ്പടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തി കൊണ്ടു പോയതായി യൂണിറ്റ് ഇൻസ്പെക്ടറുടെ 04.06.2016 തിയ്യതിയിലെ പരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കട്ടിളകൾ, ജനലുകൾ അടക്കം ഏതാനും മര ഉരുപ്പടികൾ പരിശോധനാ സമയം കണ്ടിട്ടുണ്ട്, അവ പൊളിച്ച കെട്ടിടത്തിന്റെ ഉരുപ്പടികളാണോ എന്നോ പൊളിച്ചെടുത്ത മുഴുവൻ ഉരുപ്പടികളും

ഉണ്ടോ എന്നും വിശദമായ പരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതുണ്ട്. കേരള സഹകരണസംഘം നിയമം വകുപ്പ് 54(2) പ്രകാരം സ്ഥാവര ആസ്തികൾ സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്തുന്നതിനോ ഒഴിവാക്കാതോ സാധ്യമല്ല.

ഇന്നോവ കാറിന്റെ വാങ്ങലും ഉപയോഗവും

സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 -ാം നമ്പർ സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. ടി വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് ഉപനിബന്ധന അംഗീകരിച്ചു വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബാങ്ക് 29.06.2015 ന് 1551984/- രൂപ ചെലവഴിച്ച് ഒരു ഇന്നോവ കാർ വാങ്ങി. ടി വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ മുൻ അനുമതി നേടിയിരുന്നില്ല, വിനിയോഗം സംബന്ധിച്ച ഉപനിബന്ധനയും അംഗീകരിച്ചു വാങ്ങിയിട്ടില്ല.

വാഹനത്തിന്റെ ഉപയോഗം വ്യക്തമാക്കുന്ന ലോഗ് ബുക്ക് പരിശോധിച്ചതിൽ ബാങ്ക് ചെയർമാനാണ് ടി വാഹനം കൂടുതൽ ഉപയോഗിച്ചിട്ടുള്ളത് എന്ന് കാണുന്നു. ചെയർമാൻ യാത്ര ചെയ്ത മിക്ക ദിവസങ്ങളിലും വാഹനത്തിന്റെ ഉദ്ദേശം വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ വാഹനത്തിന്റെ 4 ടയറുകളും ഏഴുമാസത്തിനുശേഷം 04.02.2016-ൽ പുതുക്കി മാറ്റിയിട്ടുണ്ട്. ഇതിന് 28800 ക ചെലവഴിച്ചു. ഇത് വാഹനത്തിന്റെ അമിതവും പരുക്കുവുമായ ഉപയോഗം വ്യക്തമാക്കുന്നു.

ഔദ്യോഗിക ആവശ്യത്തിനു മാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് സർക്കാറിന്റെ 24.02.2003 GO (MS) 113/03 Fin നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നണ്ട്. 24703 കിലോമീറ്റർ ഓടിയതിൽ 22826 കിലോമീറ്ററും ചെയർമാനുവേണ്ടിയാണ് ഉപയോഗിച്ചത്. വാഹന ഉപയോഗം സംബന്ധിച്ച നിജസ്ഥിതി ബോധ്യപ്പെടുന്നതിന് വിശദ അന്വേഷണം ഈ വിഷയത്തിൽ ആവശ്യമാണ്.

ഡ്രൈവറുടെ നിയമനം.

ബാങ്കിന് രണ്ട് ഡ്രൈവർ തസ്തിക നിലവിലുണ്ട്. രണ്ട് വാഹനവും ഉണ്ട്. ഒരു ബെലോറോ ജീപ്പും, ഒരു ഇന്നോവ കാറും. ഇന്നോവ വാഹത്തിന്റെ ഡ്രൈവർ ആയി ദിവസ വേതനാടിസ്ഥാത്തിൽ അബു. സി. S/O പോക്കർ, ചെട്ടിയാംകുത്തിൽ, വഴിക്കടവ് പി.ഒ. എന്നയാളെ നിയമിച്ചു ശമ്പളം നൽകിയതായി രേഖകൾ പരിശോധിച്ചതിൽ കണ്ടിട്ടുണ്ട്. യാതൊരു സാഹചര്യത്തിലും ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പാടില്ലയെന്ന

രജിസ്ട്രാറുടെ 17/81 -ാം നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നു. താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരന്റെ സേവനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കാനുള്ള സാധ്യത നിലവിലുണ്ടായിരിക്കെയാണ് ഡ്രൈവറെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ടി ജീവനക്കാരൻ ഇപ്പോൾ ബാങ്കിൽ ഇല്ലായെന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കെതിരാണ് ബാങ്കിന്റെ ഈ നടപടി.

<u>ബിസിനസ് എക്സിക്യൂട്ടീവ്.</u>

ബാങ്കിന് അനുവദിച്ച് നൽകിയ സ്റ്റാഫ് പാറ്റേണിൽ ബിസിനസ് എക്സിക്യൂട്ടീവ് എന്ന ഒരു തസ്തിക അനുവദിച്ചിട്ടില്ല. എന്നാൽ ബാങ്ക് ഭരണ സമിതിയുടെ 18.06.2015 തിയ്യതിയിലെ 883-ാം നമ്പർ തീരുമാനപ്രകാരം നിയമനം നടത്തുന്നതിന് തീരുമാനിക്കുകയും പത്ര പരസ്യം നടത്തിയതായും പിന്നീട് അനീഷ്. ടി S/O ചന്ദ്രൻ തോട്ടശ്ശേരി വീട് കരുളായ് പി.ഒ എന്നയാളെ 10,000/- (പതിനായിരം രൂപ) രൂപ മാസമൊത്ത ശമ്പളത്തിന് നിയമിച്ച് ശമ്പളം നൽകിയതായും കാണുന്നു. അനുവദിച്ചു കിട്ടാത്ത തസ്തിക സൃഷ്ടിക്കുന്നതിന് ബാങ്ക് ഭരണസമിതിക്ക് അധികാരമില്ല. ഇല്ലാത്ത തസ്തികയിൽ നിയമനം നടത്തുന്നതിനും അധികാരമില്ല. ഇതുമൂലം ബാങ്കിന് മൊത്തം നഷ്ടപ്പെട്ട തുക പരിശോധിക്കപ്പെടേണ്ടതുണ്ട്.

ബാങ്ക് സമർപ്പിച്ച ഈ വിഷയത്തിലുള്ള വിശദീകരണങ്ങൾ തൃപ്തികരമല്ല. അതിനാൽ മേൽ പരിശോധനകളിൽ നിന്നും വ്യക്തമായ വസ്തുതകളിൽ, പരാതിക്കാരൻ സമർപ്പിച്ച പരാതിയിൽ ആരോപിച്ച എല്ലാ ആരോപണങ്ങളും സാധൂകരിക്കപ്പെടുന്നു. അതിനാൽ ഈ വിഷയങ്ങളിൽ വിശദമായ ഒരു അന്വേഷണം, സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കി (കെട്ടിട നവീകരണ വിഷയത്തിൽ) നടത്തേണ്ടതുണ്ട്.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
മലപ്പുറം

-3120

1

ന. 560/16/എൻ, CRB 7/6/16

സഹകരണ സംഘം അസി.രജിസ്ട്രാർ (ജനറൽ) ടെ കാര്യാലയം, നിലമ്പൂർ തിയ്യതി. 4.6.2016

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
നിലമ്പൂർ.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
മലപ്പുറം.

സർ,

വിഷയം:- എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബങ്കിന്റെ കെട്ടിട നവീകരണത്തിലും, വാഹന ഉപയോഗത്തിലും, അഴിമതി നടത്തിയെന്ന ശ്രീ. സി.ജി.ഉണ്ണിയുടെ പരാതി സംബന്ധിച്ച്.

സൂചന :- (1) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 01/04/2016 തിയ്യതിയിലെ സി.ആർ.ബി 2237/2016 നമ്പർ കത്ത്

(2) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 22/02/2016 തിയ്യതിയിലെ സി.ആർ.ബി (1) 8711/2015/കെഡീസ് നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 05/02/2014 തീയതിയിലെ 7/14 നമ്പർ സർക്കുലർ

(4) സർക്കാരിന്റെ 24/02/2003 തീയതിയിലെ ജി.ഒ.(എം.എസ്) 113/2003/ഫിൻ ഉത്തരവ്.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബാങ്കിന്റെ കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ചെയർമാൻ മന്ത്രിയായ തന്റെ പിതാവിന്റെ ഭരണ സ്വാധീനം ഉപയോഗിച്ച് കെട്ടിട നവീകരണത്തിന് അംഗീകാരം അനുവദിപ്പിച്ചും, ചട്ടവിരുദ്ധമായി നടപടികൾ സ്വീകരിച്ചും, കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ചെയർമാനും കൂട്ടരും അഞ്ച് കോടി രൂപ തട്ടിയെടുത്തു എന്നും, ഒരു ഇന്നോവകാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദുർത്ത് ചെയ്തു എന്നും, ഒരു വിദ്യാർത്ഥി യൂണിയൻ നേതാവിനെ നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം ടയർ മാറ്റി തുക ചെയർമാൻ കരസ്ഥമാക്കി എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്കും, രാഷ്ട്രീയ സേവനത്തിനും മാത്രം ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയതിൽ അന്വേഷണം നടത്തി നടപടി കൈകൊള്ളണം എന്ന ശ്രീ. സി.ജി. ഉണ്ണി, ചുരക്കാട്ടിൽ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പോസ്റ്റ്, നിലമ്പൂർ, മലപ്പുറം ജില്ല എന്നയാളുടെ പരാതി പരിശോധിച്ചതിൽ നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബാങ്കിന്റെ ഹെഡ്ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് 6.20 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതിക്കായി ബാങ്ക് അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ അപേക്ഷയിൽ രജിസ്ട്രാറുടെ മുനനുമതി ലഭിക്കാതെ തുക വിനിയോഗിച്ചതൊഴിച്ച് ബാക്കി എല്ലാ നടപടിക്രമങ്ങളും പാലിച്ചിരുന്നു. പിന്നീട് സൂചന (2) ഉത്തരവ് പ്രകാരം ബാങ്കിന്റെ കെട്ടിട ഫണ്ടിൽ നിന്നും 5.13 കോടി രൂപയും, പൊതു ഫണ്ടിൽ നിന്നും 1.07 കോടി രൂപയും അടക്കം 6.20 കോടി രൂപ പ്രസ്തുത ആവശ്യത്തിനായി ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിട നവീകരണ പ്രവർത്തി പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ വിലനിർണ്ണയ സർട്ടിഫിക്കറ്റും, പൂർത്തീകരണ സർട്ടിഫിക്കറ്റും ബാങ്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത ബാങ്കിനുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം ചട്ടം 54 ഉപചട്ടം (2) പ്രകാരം സ്ഥാവര ആസ്തികൾ രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്താനോ, ഒഴിവാക്കുവാനോ സാധ്യമല്ല. എന്നാൽ ബാങ്കിൽ നവീകരണ പ്രവർത്തികൾ നടക്കുന്ന കെട്ടിടത്തിൽ നിന്നും ഫർണിച്ചറുകൾ, വാതിൽ, ജനൽ കട്ടിളകൾ, പൊളികൾ എന്നിവ ഡിസ്പോസ് ചെയ്യുന്നതിന് രജിസ്ട്രാറുടെ അനുമതിയില്ലാതെയും വില ഈടാക്കാതെയും പ്രസ്തുത വസ്തുക്കൾ പ്രവർത്തി സ്ഥലത്തുനിന്നും അനധികൃതമായി മാറ്റപ്പെട്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 നമ്പർ സർക്കുലർ വ്യവസ്ഥ ക്ലോസ് (1), (2) എന്നിവ പ്രകാരം സഹകരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി വാങ്ങിയിരിക്കണം എന്നും, വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി

അംഗീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത സർക്കുലർ വ്യവസ്ഥകൾ [illegible] രജിസ്ട്രാറുടെ അനുമതിയില്ലാതെ ടൊയോട്ട അമാന ടൊയോട്ട, വി.പി.കെ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, രാമപുരം എന്ന സ്ഥാപനം 19/06/2015 തീയതിയിൽ 15,51,984/- രൂപയുടെ പ്രോഫോർമ ഇൻവോയിസ് സമർപ്പിക്കുകയും, 29/06/2015 തീയതിയിൽ 13,05,071/- രൂപയുടെ എക്സ് ഷോറൂം വിലയായും, മറ്റു ചെലവുകളടക്കം പ്രോഫോർമ ഇൻവോയിസ് വിലയായ 15,51,984/- രൂപക്ക് കാർ വാങ്ങുകയും ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബാങ്ക് ഉപയോഗിക്കുന്ന വാഹന സംബന്ധമായ പരാതിയിൽ പരിശോധന നടത്തിയതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(1) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ വാഹനത്തിന് ഒരു ഡ്രൈവറെ നിയമിക്കേണ്ടതും പ്രസ്തുത ഡ്രൈവർ മാത്രം വാഹനം ഓടിക്കേണ്ടതുമുണ്ടെന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശ പ്രകാരം ബാങ്ക് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഡ്രൈവറെ ചുമതലപ്പെടുത്തി ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപ്പെടുത്തി ഡ്രൈവർക്ക് ലോഗ് ബുക്ക് നൽകിയിട്ടില്ല

(2) 7/7/2015 തീയതി സി.ഇ.ഒ ഫോറം മീറ്റിംഗിൽ പങ്കെടുക്കുന്നതിന് 965 കിലോമീറ്ററും, കൂടാതെ 9/3/2015 തീയതി കാരണം കാണിക്കാതെ 945 കിലോമീറ്ററും കെ.എൽ 71 ബി 4747 ഇന്നോവ കാർ ബാങ്ക് ചെയർമാൻ ശ്രീ. ആര്യാടൻ ഷൌക്കത്ത് തിരുവനന്തപുരം വരെ കൊണ്ടുപോയി ഉപയോഗിച്ചു, ഒരാൾ മാത്രം സഞ്ചരിക്കുന്നതിന് ആയി ട്രെയിൻ സൌകര്യം ഉപയോഗിക്കാതെ ഇത്രയും ദൂരം വാഹനം ഉപയോഗിച്ചത് ന്യായീകരിക്കാവുന്നതല്ല എന്നും അയത് സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (iii) ഉപ ക്ലോസ് (f) ന് വിരുദ്ധമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സൂചന (3) സർക്കുലർ പ്രകാരം സഹകരണ മേഖലയിൽ വാഹന ഉപയോഗവുമായി നിലവിലുണ്ടായിരുന്ന എല്ലാ ഉത്തരവുകൾ നിർത്തൽ ചെയ്തു സൂചന (4) ഉത്തരവ് സഹകരണ മേഖലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (ii) പ്രകാരം വാഹനം ഓടിച്ചതിന്റെ ഉദ്ദേശം ഡ്രൈവർ ലോഗ് ബുക്കിൽ എഴുതണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനു വിരുദ്ധമായി ബാങ്ക് ചെയർമാൻ 22826 കിലോമീറ്റർ വാഹനം ഉപയോഗിച്ചതിന് ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം എഴുതിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 10 ൽ പ്രകാരം പ്രസ്തുത രീതിയിലുള്ള യാത്ര ഔദ്യോഗിക യാത്രയല്ല എന്ന് കണക്കാക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നു. കൂടാതെ സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. മേൽ സഹചര്യത്തിൽ കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ബാങ്ക് ജനറൽ മാനേജർ ശ്രീ. സുധാകരൻ 1349 കിലോമീറ്ററും, ബാങ്ക് ചെയർമാൻ ശ്രീ.ആര്യാടൻ ഷൌക്കത്തലി 22826 കിലോമീറ്ററും, ബാങ്ക് വൈസ് ചെയർമാൻ ശ്രീ.ഗോപിനാഥ് 528 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു.

(4) സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. കെ.എൽ 10 എ.കെ 8021 ബൊലേറൊ വാഹനം ബാങ്ക് ജനറൽ മാനേജർ 660 കിലോമീറ്ററും, വൈസ് ചെയർമാൻ 136 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) കെ.എൽ 71 ബി 4747 ഇന്നോവ വാഹനം 29/06/2015 തീയതി മുതൽ 04/02/2016 തീയതി വരെ ഉപയോഗിച്ചതിൽ വാഹനത്തിന്റെ 4 ചക്രങ്ങളും പുതുക്കി മാറ്റി 28800/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് സൂചിപ്പിക്കുന്നത് ഇന്നോവ വാഹനം അമിത ഉപയോഗം നടത്തുന്നുണ്ടെന്നും, പ്രസ്തുത വാഹനം ഉപയോഗിച്ചതിൽ 77.21 ശതമാനവും ബാങ്ക് ചെയർമാനും, 4.56 ശതമാനം ജനറൽ മാനേജറും ഔദ്യോഗിക ആവശ്യത്തിനല്ലാതെ ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ നിയമിതനായ ഡ്രൈവർ അല്ലാതെ വാഹനം ഓടിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിന് വിരുദ്ധമായി നിലവിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കെ അബു.സി, S/o പോക്കർ, ചെട്ടിയാംകുന്നിൽ, വെള്ളക്കട്ട വഴിക്കടവ് പോസ്റ്റ്, എന്നയാളെ മറ്റൊരു താത്കാലിക ഡ്രൈവറായി നിയമിച്ച് കെ.എൽ 71 ബി 4747 ഇന്നോവ വാഹനത്തിന്റെ ഡ്രൈവറായി ജോലിചെയ്യിപ്പിച്ചു എന്ന് ബോധ്യമായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നത് ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക

ജീവനക്കാരനായി നിയമിച്ച് ദുർത്ത് ചെയ്തു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു. എന്നാൽ നിലവിൽ ഈ ജീവനക്കാരൻ ബാങ്കിൽ ജോലിചെയ്യുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രജിസ്ട്രാറുടെ അനുമതിലഭിക്കാത്തതും, ബാങ്ക് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്തതുമായ ഒരു ബിസിനസ്സ് എക്സിക്യുട്ടീവിന്റെ തസ്തിക 18/06/2015 തീയതിയിലെ 883 നമ്പർ തീരുമാന പ്രകാരം ബാങ്ക് സൃഷ്ടിക്കുകയും, ടി നിയമനവുമായി ബന്ധപെട്ട് പത്രപരസ്യം നൽകുകയോ, മറ്റ നടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയോ ചെയ്യാതെയും ശ്രീ. അനീഷ് ടി, S/o ചന്ദ്രൻ, തോട്ടശ്ശേരി വീട്, കാർളിക്കോട്, കരുളായി പോസ്റ്റ് എന്നയാളെ 10,000/- രൂപ മൊത്ത ശമ്പളത്തിൽ 6 മാസ കാലത്തേക്ക് താത്കാലികമായി നിയമച്ചിട്ടുണ്ട്. എന്നാൽ എന്നാൽ പ്രസ്തുത 6 മാസ കാലപരിധി അവസനിച്ചിട്ടും നിലവിലും ടി ജീവനക്കാരൻ ബാങ്കിൽ പ്രവർത്തിച്ച് വരുന്നു. പ്രാഥമിക പരിശോധന നടത്തിയതിൽ ടിയാളുടെ സേവനം ബാങ്കിന് കാര്യമായ നിക്ഷേപ, വായ്പ പുരോഗതി ഉണ്ടായിട്ടില്ല എന്നും അംഗീകാരമില്ലാത്ത ഒരു തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകിവരുന്നു എന്നത് നിയമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തി നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്ന പരാതികാരന്റെ വാദം സാധൂകരിക്കുന്നു.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദൂർത്ത് ചെയ്തു എന്നും, നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയിട്ടുണ്ട് എന്ന പരാതികാരനായ ശ്രീ. സി.ജി. ഉണ്ണിയുടെ വാദം സാധൂകരിക്കുന്നതായും, മറ്റ വാദങ്ങൾ അടിസ്ഥാന രഹിതമാണെന്നും റിപ്പോർട്ട് പ്രകാരം ബോധ്യമാവുന്നു. മേൽ പ്രവർത്തികൾ മൂലം ബാങ്കിന് വന്നിട്ടുള്ള നഷ്ടം കണക്കാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ചിട്ടുള്ള പ്രാഥമിക പരിശോധന റിപ്പോർട്ട് സഹിതം അനന്തര നടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ASSISTANT REGISTRAR OF CO-OPERATIVE SOCIETIES (GENERAL) NILAMBUR

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂർ

നമ്പർ. 560/16/എൻ,

സഹകരണ സംഘം അസി.രജിസ്ട്രാർ (ജനറൽ) ടെ കാര്യാലയം, നിലമ്പൂർ തിയ്യതി. 04/06/2016

യൂണിറ്റ് ഇൻസ്പെക്ടർ,
നിലമ്പൂർ യൂണിറ്റ്

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
നിലമ്പൂർ

സർ,

വിഷയം:- എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബങ്കിന്റെ കെട്ടിട നവീകരണത്തിലും, വാഹന ഉപയോഗത്തിലും, അഴിമതി നടത്തിയെന്ന ശ്രീ. സി.ജി.ഉണ്ണിയുടെ പരാതി സംബന്ധിച്ച്.

സൂചന :- (1) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 01/04/2016 തിയ്യതിയിലെ സി.ആർ.ബി 2237/2016 നമ്പർ കത്ത്

(2) മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 22/02/2016 തിയ്യതിയിലെ സി.ആർ.ബി (1) 8711/2015/കെഡീസ് നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 05/02/2014 തീയതിയിലെ 7/14 നമ്പർ സർക്കുലർ

(4) സർക്കാരിന്റെ 24/02/2003 തീയതിയിലെ ജി.ഒ.(എം.എസ്) 113/2003/ഫിൻ ഉത്തരവ്.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – ബാങ്കിന്റെ കെട്ടിടം നവീകരിക്കുന്നതിന് ബാങ്ക് ചെയർമാൻ മന്ത്രിയായ തന്റെ പിതാവിന്റെ ഭരണ സ്വാധീനം ഉപയോഗിച്ച് കെട്ടിട നവീകരണത്തിന് അംഗീകാരം അനുവദിപ്പിച്ചും, ചട്ടവിരുദ്ധമായി നടപടികൾ സ്വീകരിച്ചും, കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ചെയർമാനും കൂട്ടരും അഞ്ച് കോടി രൂപ തട്ടിയെടുത്തു എന്നും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ദുർത്ത് ചെയ്തു എന്നും, ഒരു വിദ്യാർത്ഥി യൂണിയൻ നേതാവിനെ നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം ടയർ മാറ്റി തുക ചെയർമാൻ കരസ്ഥമാക്കി എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്കും, രാഷ്ട്രീയ സേവനത്തിനും മാത്രം ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയതിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളണം എന്ന ശ്രീ. സി.ജി. ഉണ്ണി, ചൂരക്കാട്ടിൽ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പോസ്റ്റ്, നിലമ്പൂർ, മലപ്പുറം ജില്ല എന്നയാളുടെ പരാതി പരിശോധിച്ചതിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

എഫ്. 1043 നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം – മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ ആസ്ഥാനമായി നിലമ്പൂർ മുൻസിപാലിറ്റി, മമ്പാട്, എടവണ്ണ, തിരുവാലി, വണ്ടൂർ, പോരൂർ, പാണ്ടിക്കാട്, തുവ്വൂർ, കരുവാരക്കുണ്ട്, കാളികാവ്, അമരമ്പലം, കരുളായി, ചുങ്കത്തറ, എടക്കര, വഴിക്കടവ്, ചാലിയാർ, പോത്തുകൽ, ചോക്കാട്, മൂത്തേടം, തൃക്കലങ്ങോട് എന്നീ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായി 10.04.1939 ൽ രജിസ്റ്റർ ചെയ്ത് 26-06-1939 മുതൽ പ്രവർത്തിച്ചുവരുന്നു. ബാങ്കിൽ നിലമ്പൂർ ഹെഡ് ഓഫീസ് ശാഖ ഉൾപ്പെടെ 22 ശാഖകൾ പ്രവർത്തിക്കുന്നു, സംഘത്തിൽ പാർട്ട് ടൈം ജീവനക്കർ കൂടാതെ 107 ജീവനക്കാരും സേവനമനുഷ്ടിച്ച് വരുന്നു.

ബാങ്കിന്റെ വരണാധികാരിയുടെ 06/10/2013 തീയതിയിലെ 2287/13 നമ്പർ നടപടി ക്രമപ്രകാരം 13 അംഗ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും, ആയതിൽ നിന്നും 07/10/2013 തീയതിയിലെ ഭരണസമിതി തീരുമാന നമ്പർ 1 പ്രകാരം ശ്രീ. ആര്യാടൻ ഷൌക്കത്തലി യെ ബാങ്കിന്റെ ചേയർമാനായി തെരഞ്ഞെടുത്ത് ചുമതലയേറ്റുവരുന്നു.

ബാങ്കിന്റെ ഹെഡ്ഡാഫീസ് കെട്ടിടം താഴെ പാർക്കിങ്ങ് ഏരിയ , ഒന്നാമത്തെ നിലയിൽ നിലമ്പൂർ മുഖ്യശാഖയും, സായാഹ്ന ശാഖയും, രണ്ടാമത്തെ നിലയിൽ ഹെഡ്ഡാഫീസും, ഡാറ്റ സെന്ററും, മൂന്നാമത്തെ നിലയിൽ ബോർഡ്മീറ്റിംഗ് ഹാളും, മിനി കോൺഫറൻസ് ഹാളും മുതലായ സൌകര്യങ്ങളോട് കൂടി നവീകരിച്ച് നിലവിലെ കെട്ടിടം നവീകരിക്കുന്നതിന് 6.20 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതിക്കായി അപേക്ഷി സമർപ്പിച്ചിരുന്നു. മേൽ അപേക്ഷയിൽ രജിസ്ട്രാറുടെ മുന്നനുമതി ലഭിക്കാതെ തുക വിനിയോഗിച്ചതൊഴിച്ച് ബാക്കി എല്ലാ നടപടിക്രമങ്ങളും

ചാലിച്ചിരുന്നു. പിന്നീട് സൂചന (2) ഉത്തരവ് പ്രകാരം [illegible] നിന്നും 5.13 കോടി രൂപയും, പൊതു ഫണ്ടിൽ നിന്നും 1.07 കോടി രൂപയും [illegible] കോടി രൂപ പ്രസ്തുത ആവശ്യത്തിനായി ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിട [illegible] പ്രവർത്തി പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ വിലനിർണ്ണയ സർട്ടിഫിക്കറ്റും, [illegible] സർട്ടിഫിക്കറ്റും ബാങ്ക് സമർപ്പിച്ചിട്ടില്ല. സംഘത്തിന്റെ 31/03/2015 തിയ്യതിയിലെ ആഡിറ്റ് [illegible] പട്ടിക പ്രകാരം ഓഹരി ഇനത്തിൽ 15.38 കോടി രൂപയും, നിക്ഷേപ ഇനത്തിൽ 587.94 കോടി രൂപയും, വായ്പാ ബാക്കിനിൽപ്പ് 339,72 കോടി രൂപയും, സംഘം കൈവശം 29.50 കോടി രൂപയും, ബാങ്കുകളിലെ നിക്ഷേപം 130.02 കോടി രൂപയുമാണ് ബാക്കിനിൽപ്പ്. അറ്റലാഭം 3.25 കോടി രൂപയുമാണ്. ആയതിനാൽ പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത [illegible] റിപ്പോർട്ട് ചെയ്യുന്നു.

ബാങ്കിന്റെ കെട്ടിടം നവീകരണ ഭാഗമായി പൊളിച്ച് ഒഴിവാക്കുന്ന കെട്ടിട ഭാഗങ്ങളിലെ സ്ഥാപിച്ചിരുന്ന മര ഉരുപടികൾ കെട്ടിടത്തിൽ നിന്നും മാറ്റി കടത്തികൊണ്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ ബാങ്കിൽ വിശദീകരണം ആരാഞ്ഞതിൽ ബാങ്ക് കരാറുകാരനുമായി ഉണ്ടാക്കിയ കോൺട്രാക്ടിൽ പേജ് (2) ൽ ക്ലോസ് 4 അയി മരഉരുപടികൾ കോൺട്രാക്ടർക്ക് നൽകുന്നതിന് വ്യവസ്ഥയുണ്ട് എന്ന് പറയുന്നു. എന്നാൽ പ്രസ്തുത കോൺട്രാക്ട് പരിശോധിച്ചതിൽ മേൽ ഉരുപടികൾ പ്രവർത്തി സ്ഥലത്ത് നിന്നും മാറ്റുന്നതിനുള്ള ചെലവ് വഹിക്കുന്നതുമായി ബന്ധപെട്ടാണ് കരാറുള്ളത്. മാത്രവുമല്ല സഹകരണ സംഘം ചട്ടം 54 ഉപചട്ടം (2) പ്രകാരം സ്ഥാവര ആസ്തികൾ രജിസ്ട്രാറുടെ അനുമതിയില്ലാതെ വിൽപ്പന നടത്താൻ സാധ്യമല്ല. എന്നാൽ വിലപിടിപ്പുള്ള പ്രസ്തുത ഫർണിച്ചറുകൾ, വാതിൽ, ജനൽ കട്ടിളകൾ, പൊളികൾ എന്നിവ ഡിസ്പോസ് ചെയ്യുന്നതിന് രജിസ്ട്രാറുടെ അനുമതിയില്ലാതെയും വില ഈടാക്കാതെയും പ്രസ്തുത വസ്തുക്കൾ പ്രവർത്തി സ്ഥലത്തുനിന്നും അനധികൃതമായി മാറ്റപെട്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നു. ആയതിന്റെ വിലകണക്കാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. മേൽ വസ്തുത പരാതിയിൽ പറഞ്ഞിട്ടുള്ള ക്രമകേടിനെ സാധൂകരിക്കുന്ന എന്നും റിപ്പോർട്ട് ചെയ്യുന്നു.

മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 24/09/2012 തീയതിയിലെ സി.ആർ.ബി 4676/12/കെ.ഡീസ് നമ്പർ , ഉത്തരവ് പ്രകാരം ഒരു പുതിയ | ബൊലേറോ എസ്.എൽ.എക്സ് ജീപ്പ് വാങ്ങുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിനനുസരിച്ച് 14/05/2012 തീയതിയിൽ ഒരു ബൊലേറോ എസ്.എൽ.എക്സ് ജീപ്പ് വാങ്ങിയിട്ടുണ്ട്. കെ.എൽ.10.8021 നമ്പർ രജിസ്ട്രേഷനിൽ ഒരു ബൊലേറോ ജീപ്പ് ബാങ്ക് ഉപയോഗിച്ച് വരുന്നു. 18/06/2015 തീയതിയിലെ 887 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ബാങ്കിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള വാഹനം പര്യാപ്തമല്ലാത്തതിനാൽ പുതിയ ഒരു ഇന്നോവകാർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിനും, മലപ്പുറം ജില്ലയിലെ ഏക ഡീലറായ വി.പി.കെ. മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, VI/240/A. - NA - 213, പനങ്ങാങര, രാമപുരം പോസ്റ്റ്, മലപ്പുറം, കേരള എന്ന സ്ഥാപനം സമർപ്പിച്ച 15,51,984/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഒരു ജി.എക്സ്.75 മോഡൽ ഇന്നോവ കാർ വാങ്ങുന്നതിന് തീരുമാനിച്ചു. അയത് പ്രകാരം ടൊയോട്ട അമാന ടൊയോട്ട, വി.പി.കെ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, രാമപുരം എന്ന സ്ഥാപനം 19/06/2015 തീയതിയിൽ 15,51,984/- രൂപയുടെ പ്രൊഫോർമ ഇൻവോയിസ് സമർപ്പിക്കുകയും, 29/06/2015 തീയതിയിൽ 13,05,071/- രൂപയുടെ എക്സ് ഷോറൂം വിലയായും, മറ്റു ചെലവുകളടക്കം പ്രൊഫോർമ ഇൻവോയിസ് വിലയായ 15,51,984/- രൂപക്ക് കാർ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 നമ്പർ സർക്കുലർ വ്യവസ്ഥ ക്ലോസ് (1), (2) എന്നിവ പ്രകാരം സഹകരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നതിന് രജിസ്ട്രാറുടെ അനുമതി വാങ്ങിയിരിക്കണം എന്നും, വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി അംഗീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത ഇന്നോവ കാർ വാങ്ങുന്നതിന് ബാങ്ക് രജിസ്ട്രാറുടെ അനുമതി വാങ്ങിയിട്ടില്ല എന്നും വാഹന ഉപയോഗ സംബന്ധമായ ഉപ നിബന്ധന തയ്യാറാക്കി അംഗീകരിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.

ബാങ്ക് ഉപയോഗിക്കുന്ന കെ.എൽ 71 ബി. 4747 ഇന്നോവ കാറിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്.

(1) സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ വാഹനത്തിന് ഒരു ഡ്രൈവറെ നിയമിക്കേണ്ടതും പ്രസ്തുത ഡ്രൈവർ മാത്രം വാഹനം ഓടിക്കേണ്ടതുമുണ്ടെന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശ പ്രകാരം പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്കിൽ ഡ്രൈവറെ ചുമതലപെടുത്തി ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപെടുത്തി ഡ്രൈവർക്ക് ലോഗ് ബുക്ക് നൽകിയിട്ടില്ല.

(2) 7/7/2015 തീയതി സി.ഇ.ഒ ഫോറം മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ചെയർമാൻ വാഹന തിരുവനന്തപുരം വരെ കൊണ്ടുപോയി 365 കിലോമീറ്റർ ഉപയോഗിച്ചു. കൂടാതെ 9/3/2015 തീയതി കാരണം കാണിക്കാതെ ചെയർമാൻ വാഹന തിരുവനന്തപുരം വരെ കൊണ്ടുപോയി 945 കിലോമീറ്റർ ഉപയോഗിച്ചു. ഒരാൾ മാത്രം സഞ്ചരിക്കുന്നതിന് ആയി ട്രെയിൻ സൗകര്യം ഉപയോഗിക്കാതെ ഇത്രയും ദൂരം വാഹനം ഉപയോഗിച്ചത് ന്യായികരിക്കാവുന്നതല്ല. [illegible]

സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (iii) ഉപ ക്ലോസ് (f) ന് വിരുദ്ധമാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു.

(3) കെ.എൽ 71 ബി 4747 ഇന്നോവ വാഹനത്തിന്റെ 01-07-2015 മുതൽ 13/05/16 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ തുടക്ക മീറ്റർ റീഡിംഗ് 56 കിലോമീറ്ററും, ഒടുക്കത്തെ മീറ്റർ റീഡിംഗ് 29619 കിലോമീറ്ററുമാണ്. വാഹനം 29563 കിലോമീറ്റർ ഉപയോഗിച്ചു. ആയതിൽ ജനറൽ മാനേജർ 1349 കിലോമീറ്ററും, ചെയർമാൻ 22826 കിലോമീറ്ററും, ബാങ്കിന്റെ ഉപയോഗത്തിന് 4860 കിലോമീറ്ററും, വൈസ് ചെയർമാൻ 528 കിലോമീറ്ററും ഉപയോഗിച്ചിട്ടുണ്ട്. 16/8/15 മുതൽ 14/10/2015 വരെയും, 21/10/15 മുതൽ 02/04/2016 വരെയും, വാഹനം ഓടിച്ച ഡ്രൈവർ ലോഗ് ബുക്കിൽ സാക്ഷ്യ പെടുത്തിയിട്ടില്ല.

സൂചന (3) സർക്കുലർ പ്രകാരം സഹകരണ മേഖലയിൽ വാഹന ഉപയോഗവുമായി നിലവിലുണ്ടായിരുന്ന എല്ലാ ഉത്തരവുകൾ നിർത്തൽ ചെയ്തു സൂചന (4) ഉത്തരവ് സഹകരണ മേഖലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (ii) പ്രകാരം വാഹനം ഓടിച്ചതിന്റെ ഉദ്ദേശം ഡ്രൈവർ ലൊഗ് ബുക്കിൽ എഴുതണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനു വിരുദ്ധമായി ബാങ്ക് ചെയർമാൻ 22826 കിലോമീറ്റർ വാഹനം ഉപയോഗിച്ചതിന് ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം എഴുതിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 10 ൽ പ്രകാരം പ്രസ്തുത രീതിയിലുള്ള യാത്ര ഔദ്യോഗിക യാത്രയല്ല എന്ന് കണക്കാക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നു. കൂടാതെ സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ വാഹനം ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. മേൽ സഹചര്യത്തിൽ കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ബാങ്ക് ജനറൽ മാനേജർ ശ്രീ. സുധാകരൻ 1349 കിലോമീറ്ററും, ബാങ്ക് ചെയർമാൻ ശ്രീ.ആര്യാടൻ ഷൌക്കത്തലി 22826 കിലോമീറ്ററും, വൈസ് ചെയർമാൻ ശ്രീ.ഗോപിനാഥ് 528 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് പ്രാഥമിക പരിശോധനകളിൽ ബോധ്യമായിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു. വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന പരാതികാരന്റെ വാദത്തെ മേൽ പ്രവർത്തിൽ സാധൂകരിക്കുന്നു.

കെ.എൽ 10 എ.കെ 8021 ബൊളേറൊ വാഹനത്തിന്റെ 29-05-2015 മുതൽ 05/04/16 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ തുടക്ക മീറ്റർ റീഡിംഗ് 59281 കിലോമീറ്ററും, ഒടുക്കത്തെ മീറ്റർ റീഡിംഗ് 80834 കിലോമീറ്ററുമാണ്. വാഹനം 21553 കിലോമീറ്റർ ഉപയോഗിച്ചു. ആയതിൽ ജനറൽ മാനേജർ 660 കിലോമീറ്ററും, ബാങ്കിന്റെ ഉപയോഗത്തിന് 20757 കിലോമീറ്ററും, വൈസ് ചെയർമാൻ 136 കിലോമീറ്ററും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് ചീഫ് എക്സിക്യൂട്ടീവ് സാക്ഷ്യപെടുത്തി നലകിയിട്ടില്ല. സൂചന (4) ഉത്തരവ് വ്യവസ്ഥ 9 ൽ ക്ലോസ് (i) പ്രകാരം ഔദ്യോഗിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. കെ.എൽ 10 എ.കെ 8021 ബൊളേറൊ വാഹനം ബാങ്ക് ജനറൽ മാനേജർ 660 കിലോമീറ്ററും,. വൈസ് ചെയർമാൻ 136 കിലോമീറ്ററും ഔദ്യോഗിക ആവശ്യത്തിനല്ലാതെ നിയമവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

(4) കെ.എൽ 71 ബി 4747 ഇന്നോവ വാഹനം 29/06/2015 തീയതി മുതൽ 04/02/2016 തീയതി വരെ ഉപയോഗിച്ചതിൽ വാഹനത്തിന്റെ 4 ചക്രങ്ങളും പുതുക്കി മാറ്റി 28800/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് സൂചിപ്പിക്കുന്നത് ഇന്നോവ വാഹനം അമിത ഉപയോഗം നടത്തുന്നുണ്ടെന്നും, പ്രസ്തുത വാഹനം ഉപയോഗിച്ചതിൽ 77.21 ശതമാനവും ബാങ്ക് ചെയർമാനും, 4.56 ശതമാനം ജനറൽ മാനേജറും ഔദ്യോഗിക ആവശ്യത്തിനല്ലാതെ ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്യുന്നു.

(5) ബാങ്കിൽ നിലവിൽ രണ്ട് ഡ്രൈവർതസ്തികകളിൽ ജീവനക്കാരുണ്ടെങ്കിലും കെ.എൽ 71 ബി 4747 ഇന്നോവ വാഹനം ഓടിക്കുന്നതിന് അബു.സി, S/o പോക്കർ, ചെട്ടിയാംകണ്ടി, വെള്ളക്കട്ട വഴിക്കടവ് പോസ്റ്റ്, എന്നയാളെ നിത്യവേധനത്തിൽ താത്കാലിക ജീവനക്കാരനായി നിയമിച്ച് വന്നിരുന്ന 16/8/15 മുതൽ 14/10/2015 വരെയും 21/10/2015 മുതൽ 02/04/2016 വരെയും, വാഹനം ഓടിച്ച ഡ്രൈവർ ലോഗ് ബുക്കിൽ സാക്ഷ്യ പെടുത്തിയിട്ടില്ല. പ്രസ്തുത ദിവസങ്ങളിൽ മുകളിൽ പറഞ്ഞ ഡ്രൈവർ ആണ് വാഹനം ഓടിച്ചത് എന്ന് ബോധ്യമാവുന്നു. സൂചന (4) ഉത്തരവ് വ്യവസ്ഥ 16 ൽ നിയമിതനായ ഡ്രൈവർ അല്ലാതെ വാഹനം ഓടിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിന് വിരുദ്ധമായി നിലവിൽ രണ്ട് ഡ്രൈവർമാർ

ഉണ്ടായിരിക്കെ മറ്റൊരു താത്കാലിക ഡ്രൈവറെ നിയമിച്ച് ജോലിചെയ്യിപ്പിച്ചു എന്നത് ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ധൂർത്ത് ചെയ്തു എന്ന പരാതികാരന്റെ വാദത്തെ സാധൂകരിക്കുന്നു. നിലവിൽ ഈ ജീവനക്കാരൻ ബാങ്കിൽ ജോലിചെയ്യുന്നില്ല.

18/06/2015 തീയതിയിലെ 883 നമ്പർ പ്രകാരം ഒരു ബിസിനസ്സ് എക്സിക്യൂട്ടീവിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും അയതിന് പത്രപരസ്യം ചെയ്ത് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നതിനും, തസ്തിക ലഭിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ജനറൽ മുമ്പാകെ അപേക്ഷിക്കുന്നതിനും, ആയതിന് നടപടി സ്വീകരിക്കുവാൻ ജനറൽ മാനേജറെ ചുമതലപ്പെടുത്തികൊണ്ടും തീരുമാനമെടുക്കുകയും. എന്നാൽ ടി നിയമനവുമായി ബന്ധപെട്ട് പത്രപരസ്യം നൽകുകയോ, മറ്റു നടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയോ ചെയ്യാതെയും, തസ്തികക്ക് രജിസ്ട്രാറുടെ അനുമതി ഇല്ലാതെയും, ബാങ്ക് സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിലില്ലാത്ത തസ്തികയായ ബിസിനസ്സ് എക്സിക്യൂട്ടീവ് തസ്തികയിൽ ശ്രീ. അനീഷ് ടി, S/o ചന്ദ്രൻ, തോട്ടുശ്ശേരി വീട്, കാർളിക്കോട്, കരുളായി പോസ്റ്റ് എന്നയാളെ 10,000/- രൂപ മൊത്ത ശമ്പളത്തിൽ 6 മാസ കാലത്തേക്ക് താത്കാലികമായി നിയമച്ചിട്ടുണ്ട്. എന്നാൽ എന്നാൽ പ്രസ്തുത 6 മാസ കാലപരിധി അവസനിച്ചിട്ടും നിലവിലും ടി ജീവനക്കാരൻ ബാങ്കിൽ പ്രവർത്തിച്ച് വരുന്നു. എന്നാൽ പ്രാഥമിക പരിശോധന നടത്തിയതിൽ ടിയാളുടെ സേവനം ബാങ്കിന് കാര്യമായ് നിക്ഷേപ, വായ്പ പുരോഗതി ഉണ്ടായിട്ടില്ല. അംഗീകാരമില്ലാത്ത ഒരു തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകിവരുന്നു എന്നത് നിയമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത പ്രവർത്തി നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്ന പരാതികാരന്റെ വാദം സാധൂകരിക്കുന്നു.

എഫ്. 1043 നമ്പർ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം കെട്ടിടത്തിലെ വിലപിടിപ്പുള്ള മര ഉരുപടികൾ കടത്തികൊണ്ട് പോയും, ഒരു ഇന്നോവക്കാർ വാങ്ങി പേർസണൽ ഡ്രൈവറെ താത്കാലിക ജീവനക്കാരനായി നിയമിച്ച് ധൂർത്ത് ചെയ്തു എന്നും, നിയമവിരുദ്ധമായി സ്പെഷ്യൽ തസ്തിക സൃഷ്ടിച്ച് ശമ്പളം നൽകിവരുന്നു എന്നും, വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചും ബാങ്കിൽ അഴിമതി നടത്തിയിട്ടുണ്ട് എന്ന പരാതികാരനായ ശ്രീ. സി.ജി. ഉണ്ണിയുടെ വാദം സാധൂകരിക്കുന്നതായും, മറ്റു വാദങ്ങൾ അടിസ്ഥാന രഹിതമാണെന്നും പ്രാഥമിക പരിശോധനയിൽ ബോധ്യമാവുന്നു. മേൽ പ്രവർത്തികൾ മൂലം ബാങ്കിന് വന്നിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

അനന്തര നടപടികൾക്കായി ഈ റിപ്പോർട്ട് സമർപ്പിച്ച്കൊള്ളുന്നു.

വിശ്വസ്തതയോടെ

Bal
04/06/2016

നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, നിലമ്പൂർ

Audit Report 2014-15

XI. റവന്യൂ ചെലവുകൾ

| ഇനവിവരം | 2013- 2014 (തുക ലക്ഷത്തിൽ) | 2014-2015 (തുക ലക്ഷത്തിൽ) | വർദ്ധനവ്/ കുറവ് (തുക ലക്ഷത്തിൽ) | ശതമാനം വർദ്ധനവ്/ കുറവ് |
|---|---|---|---|---|
| പരസ്യം | 6.68 | 10.62 | +3.94 | 58.98% |
| ജനറൽ ബോഡി ചിലവ് | 1.41 | 0.43 | -0.98 | 69.5% (കുറവ്) |
| കമ്പ്യൂട്ടർ ചിലവ് | 18.18 | 18.46 | 0.28 | 1.54% |
| പ്രിന്റിങ് ചാർജ്ജ് | 6.23 | 7.66 | 1.43 | 22.95% |
| കണ്ടിൻജൻസി | 28.07 | 32.65 | 4.58 | 16.32% |
| ഗസ്റ്റ് എക്സ്പെൻസ് | 0.76 | 0.76 | ഇല്ല | ഇല്ല |
| ബ്രാഞ്ച് ഷിഫ്റ്റിങ് എക്സ്പെൻസ് | 3.77 | 2.25 | -1.52 (കുറവ്) | 40.32% (കുറവ്) |
| സെക്യൂരിറ്റി ഗാർഡ്അലവൻസ് | 20.53 | 28.73 | 8.2 | 39.95% |

മുൻ വർഷത്തെയും തൻ വർഷത്തെയും റവന്യൂ ചിലവുകൾ അവലോകനം ചെയ്തതിൽ ജനറൽ ബോഡി, ബ്രാഞ്ച് ഷിഫ്റ്റിങ് ഇനത്തിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും മറ്റിനങ്ങളിലെല്ലാം വർദ്ധനവ് രേഖപ്പെടുത്തുന്നു.

XII. ബാങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്യൂൺ മാരുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും നിയമനങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

XIII. 13.11.2014 ന് ബാങ്കിന്റെ കരുവാരക്കുണ്ട്, എടക്കര ബ്രാഞ്ചുകളുടെ റിപ്പയറിങ്ങിന് വേണ്ടി 144300/- രൂപ ചെലവാക്കിയതായി കാണുന്നു. എസ്റ്റിമേറ്റ് കോസ്റ്റ് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് വൗച്ചറിന്റെ കൂടെ ഉള്ളടക്കം ചെയ്തതായി കാണുന്നു. ഇതിൽ ഓരോ ഇനത്തിന്റെയും വില കാണിക്കാതെ മൊത്തം തുകയാണ് കാണിച്ചിട്ടുള്ളത്. സ്റ്റേറ്റ്മെന്റിൽ ബന്ധപ്പെട്ട കരാറുകാരൻ ഒപ്പുവെച്ചിട്ടില്ല.

XIV. 26.10.2014 ന് Law Charges (VPC 367/11) ആയി 15000 രൂപ ചെലവുകാണുന്നു (Advocate Rajeev). എന്നാൽ ബന്ധപ്പെട്ട വക്കീൽ ഒപ്പുവെച്ച വൗച്ചർ ഉള്ളടക്കം ചെയ്തിട്ടില്ല. Fees Memo ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും അതിൽ ബന്ധപ്പെട്ട വക്കീൽ ഒപ്പുവെച്ചിട്ടില്ല.

XV. ബാങ്കിന്റെ ഹെഡ്ഡോഫീസിൽ വെച്ച് 25.03.2015 ന് നടത്തിയ സ്വർണ്ണപണ്ടപണയ ലേലത്തിൽ കിട്ടിയ തുക സെയിൽ ടാക്സ് അടക്കാൻ തികയാത്തതിനാൽ ബാങ്കിന് 37469/- രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. ടി തുക 26.03.2015 ന് Sales Tax & Other Tax (77021) എന്ന ഹെഡ്ഡിൽ ചെലവെഴുതിയതായും കാണുന്നു.

True copy

Joint Registrar of Co-op. Societies (General) Malappuram

Audit Report 2014-15

<u>XVI.</u> ബാങ്കിലെ ജീവനക്കാർക്ക് രജിസ്ട്രാർ നിശ്ചയിച്ച് നിരക്കിനേക്കാൾ അധികം ഡി.എ നൽകിയിട്ടുള്ള കാര്യത്തിൽ, ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലുള്ള കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>XVII.</u> ബാങ്കിന്റെ ഹെഡ്ഡാഫീസിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി നോക്കുന്ന രണ്ട് സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനത്തിന് ചട്ടം (185) എ പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

<u>XVIII.</u> 21.03.2015 ന് നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഫർണ്ണിച്ചർ വാങ്ങി നൽകിയതിന് ചെലവായ 94981/- രൂപ Common Good Fund ൽ നിന്ന് ചെലവെഴുതിയത് ശരിയല്ല.

<u>XIX.</u> ബാങ്കിൽ നടത്തിയ നിയമനങ്ങളിൽ നിയമപ്രകാരമുള്ള വികലാംഗ സംവരണം, എസ്.സി, എസ്.ടി സംവരണം എന്നിവ പാലിച്ചിട്ടില്ല. ബാങ്കിലെ ജീവനക്കാരിൽ ഏറ്റവും ദുർബ്ബല വിഭാഗമായ പാർട്ട്ടൈം സ്വീപ്പർമാരെ ഫുൾടൈം തസ്തികയുടെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് Appendix III യിൽ ഭേദഗതി വരുത്തിയിട്ടുള്ളതിനാൽ വിദ്യാഭ്യാസ യോഗ്യത, സേവന പരിചയം, അനുപാതം തുടങ്ങിയവ സംബന്ധിച്ച് ഗവൺമെന്റ്/രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി ഇവർക്ക് പ്രൊമോഷൻ നൽകുന്നതിനായി സ്റ്റാഫ് കാറ്റഗറി സബ് റൂൾസിൽ ആവശ്യമായ ഭേദഗതികൾ യഥാവിധി വരുത്താവുന്നതാണ്.

<u>XX.</u> ഈ വർഷം പുതിയതായി ആരംഭിച്ച പരിണയ, സമൃദ്ധി, നവരത്ന, ആദിത്യ എന്നീ ലോണുകൾക്ക് സബ്റൂൾസ് തയ്യാറാക്കി ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം യഥാവിധി വാങ്ങേണ്ടതാണ്.

<u>XXI.</u> ബാങ്കിന്റെ ഹെഡ്ഡാഫീസ് ബിൽഡിംഗിന്റെ 'റിനൊവേഷൻ' പ്രവർത്തികൾക്ക് ഡിപ്പാർട്ട്മെന്റിന്റെ അനുമതി യഥാവിധി വാങ്ങേണ്ടതാണ്.

<u>XXII.</u> MASK അക്കൗണ്ടിൽ വർഷങ്ങളായി ബാക്കി നിൽക്കുന്ന Debit/Credit തുകകൾ അനുരഞ്ജനം ചെയ്ത് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഓഡിറ്റർമാർ

True copy

Joint Registrar of
Co-op: Societies (General)
Malappuram.

Audit Report 2015-16

സെക്യൂരി ഗാർഡ് [illegible] എന്നീ ഇനങ്ങളിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും മറ്റ് ഇനങ്ങളിലെല്ലാം വർദ്ധനവ് രേഖപ്പെടുത്തുന്നു.

XII. ബാങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്യൂൺമാരുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും നിയമനത്തിന് ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

XIII. ബാങ്കിന്റെ ഹെഡ്ഓഫീസിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി നോക്കുന്ന രണ്ട് സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനത്തിന് ചട്ടം (185) എ പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല

XIV. ബാങ്കിൽ നടത്തിയ നിയമനങ്ങളിൽ നിയമ പ്രകാരമുള്ള വികലാംഗ സംവരണം പാലിച്ചിട്ടില്ല. ബാങ്കിലെ ജീവനക്കാരിൽ ഏറ്റവും ദുർബല വിഭാഗമായ പാർട്ട്ടൈം സ്വീപ്പർമാർക്കും, നിത്യസമ്പാദ്യ നിധി ഏജന്റുമാർക്കും പ്യൂൺ തസ്തികയിലേക്കുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ വിദ്യാഭ്യാസ യോഗ്യത, സേവനദൈർഘ്യം, അനുപാതം തുടങ്ങിയവ സംബന്ധിച്ച് ഗവൺമെന്റ്/രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി സർവ്വീസ് പ്രമോഷൻ നൽകുന്നതിന് ഫീഡർ കാറ്റഗറി സബ്റൂൾസിൽ ആവശ്യമായ ഭേദഗതികൾ യഥാസമയം വരുത്താവുന്നതാണ്

XV. തൻ വർഷത്തെ ചെലവിനങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിലുള്ള ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ചിട്ടുള്ളതായി കാണുന്നു.

Expense incurred under Annual Budget (2015-16) as on 31.03.2016

| Sl.No. | Item | Budget | Expended |
|---|---|---|---|
| 1 | EDLI Insurance Premium | 2.00 | 4.47 |
| 2 | Vehicle Maintenance | 3.00 | 3.40 |
| 3 | GOI Amortization Fund | 20.00 | 20.30 |
| 4 | Rebate on OTS | 10.00 | 17.05 |
| 5 | Bonus to Staff | 15.00 | 32.37 |

XVI. MASK അക്കൗണ്ടിൽ വർഷങ്ങളായി ബാക്കി നിൽക്കുന്ന Debit/Credit തുകകൾ അനുരഞ്ജനം ചെയ്ത് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

True copy

Joint Registrar of Co-op. Societies (General) Malappuram

ഒപ്പ്
ആഡിറ്റർമാർ

Audit - 2016-17

| | | | | |
|---|---|---|---|---|
| ബ്രാഞ്ച് ഷിഫ്റ്റിങ് എക്സ്പെൻസ് | 0.45 | 2.95 | + 2.5 (വർദ്ധനവ്) | 555.55% (വർദ്ധനവ്) |
| സെക്യൂരിറ്റി ഗാർഡ് അലവൻസ് | 13.87 | 4.54 | -9.33 (കുറവ്) | 67.27% (കുറവ്) |

മുൻ വർഷത്തെയും തൻ വർഷത്തെയും റവന്യൂ ചെലവുകൾ അവലോകനം ചെയ്തതിൽ പ്രിന്റിങ് ചാർജ്, സെക്യൂരിറ്റി ഗാർഡ് അലവൻസ് എന്നീ ഇനങ്ങളിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും മറ്റ് ഇനങ്ങളിലെല്ലാം വർദ്ധനവ് രേഖപ്പെടുത്തുന്നു.

XI. ബാങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്യൂൺമാരുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും നിയമനങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

XII. ബാങ്കിന്റെ ഹെഡ്ഡാഫീസിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി നോക്കുന്ന രണ്ട് സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനത്തിന് ചട്ടം (185) എ പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

XIII. ബാങ്കിലെ ജീവനക്കാരിൽ ഏറ്റവും ദുർബല വിഭാഗമായ പാർട്ട്ടൈം സ്വീപ്പർമാർക്കും, നിത്യനിധി ഏജന്റുമാർക്കും പ്യൂൺ തസ്തികയിലേക്കുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ വിദ്യാഭ്യാസ യോഗ്യത, സേവനദൈർഘ്യം, അനുപാതം തുടങ്ങിയവ സംബന്ധിച്ച് ഗവൺമെന്റ്/രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി ഇവർക്ക് പ്രമോഷൻ നൽകുന്നതിന് ഫീഡർ കാറ്റഗറി സബ്റൂൾസിൽ ആവശ്യമായ ഭേദഗതികൾ യഥാവിധി വരുത്താവുന്നതാണ്.

XIV. തൻ വർഷത്തെ ചെലവിനങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിലുള്ള ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ചിട്ടുള്ളതായി കാണുന്നു. ആയതിനുള്ള സപ്ലിമെന്ററി ബഡ്ജറ്റ് പാസ്സാക്കിയിട്ടില്ല.

True copy

Joint Registrar of
Co-op: Societies (General)
Malappuram.

സെക്ഷൻ ഓഫീസർ